✠

# മാപ്പാപ്പായുടെ
# പരമാധികാരവും അപ്രമാദിത്വവും.

ഫാദർ പ്ലാസിഡ് സി. ഡി.
പിഎച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.
എഴുതിയത്.

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1932.

ARAM
3
52
ARY

T/43

✠

# മാർപ്പാപ്പായുടെ

# പരമാധികാരവും അപ്രമാദിത്വവും.

Presented by,
V. Rev. Fr. Anastasius.
Prior. 4/4/941

DHARMARAM COLLEGE LIBRARY BANGALORE-29

ഫാദർ പ്ളാസിഡ് സി. ഡി.
പിച്ച്. ഡി., ഡി. ഡി., ഡി. സി. എൽ.
എഴുതിയത്.

MANNANAM
PRINTED AT THE ST. JOSEPH'S PRESS,
1932.

Dharmaram College Library
Acc. No. 84089.
Call. No. J33/P752

AR

**Imprimatur,**

† J. KALACHERRY,

Bishop of Changanacherry.

*Changanacherry,*
*21- August, 1932.*

# പ്രസ്താവന.

കത്തോലിക്കരും അകത്തോലിക്കരും ഒരുപോലെ സ്വീകരിച്ചിട്ടുള്ള രേഖകൾ മാത്രമെ മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും സ്ഥാപിക്കുവാൻ ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുള്ളു. ഈ രേഖകളെ നിഷേധിക്കുന്നവർ സാഹിത്യലോകത്തോടോ, ചരിത്രലോകത്തോടോ, പണ്ഡിതലോകത്തോടോ യാതൊരു ബന്ധവുമില്ലാത്തവരാണെന്ന് സധൈര്യം പ്രസ്താവിച്ചുകൊള്ളുന്നു.

Chethipuzhay,
15th August, 1932.
Feast of the Assumption of
the Mother of God.

Placid T. O. C. D.

# മാർപ്പാപ്പായുടെ
# പരമാധികാരവും അപ്രമാദിത്വവും.

## പരമാധികാരം. (കത്തോലിക്കർ കൊടുക്കുന്ന അർത്ഥം)

പത്രോസ്ശ്ലീഹായിക്കു മറ്റു ശ്ലീഹന്മാരുടെമേൽ അധികാരമുണ്ടായിരുന്നു. ഈ അധികാരം മിശിഹാതന്നേയാണ് സ്ഥാപിച്ചത്. ഇപ്രകാരമുള്ള അധികാരത്തിൽ, പത്രോസിന്റെ ഏക പിൻഗാമി റോമ്മാമാർപ്പാപ്പാ ആകുന്നു. മാർപ്പാപ്പാ പത്രോസിന്റെ പിൻഗാമിയാകയാൽ, സഭ സ്ഥാപിതയായിരിക്കുന്നത് മാർപ്പാപ്പായുടെമേൽ ആണ്. സഭയുടെ അടിസ്ഥാനം മാർപ്പാപ്പാ അത്രെ.

ആൽ ശിമഊൻ കീഫോ ബാനിയോനോ... (ഞാൻ ശീമോൻ കേപ്പാമേൽ സ്ഥാപിതയായിരിക്കുന്നു എന്നു സഭ പറയുന്നു). ശെത്തൈസെക്ക് ഈത്തോ ശിമഊൻ ക്ക്ത്തിൽ വശ്ദേ (സഭയോ നിന്റെ അടിസ്ഥാനം കൊന്ന് ഏറിയപ്പെട്ടിരിക്കുന്ന ശീമോൻ ആകുന്നു). എന്നിങ്ങനെ യാക്കോബായ ഗീതങ്ങൾ പത്രോസിനേക്കുറിച്ചു പറയുന്നത് മാർപ്പാപ്പായേക്കുറിച്ചും പറയേണ്ടതാണ്. മാർപ്പാപ്പാ സഭയുടെ അടിസ്ഥാനമാകയാൽ എല്ലാവരും— പാത്രിയർക്കീസുമാർ കൂടെയും— മാർപ്പാപ്പായുടെ അതിശ്രേഷ്ഠാധികാരത്തിനു വിധേയരാകണം. എല്ലാവരുടെമേലും ഓരോരുത്തരുടെമേലും അതി ശ്രേഷ്ഠമായ ഈ അധികാരം മാർപ്പാപ്പായിക്ക് നേരിട്ടു പ്രവർത്തിക്കാം. ഇങ്ങനെ നേരിട്ടു പ്രവർത്തിക്കപ്പെടുന്ന അതിശ്രേഷ്ഠാധികാരം പരിവൂർണ്ണമായതും, മെത്രാനെന്നുള്ള നിലയിൽ മാർപ്പാപ്പാ പ്രയോഗിക്കുന്നതും, ദൈവത്താൽ സ്ഥാപിതമായതും ആകുന്നു. മാർപ്പാപ്പായാകട്ടെ ദൈവത്തിനു മാത്രമേ അധീനനാകുന്നൊള്ളു.

ഇതാകുന്നു കത്തോലിക്കരുടെ "പരമാധികാരം."
ഇതുസംബന്ധമായി പൊതുവായ ഒരു പരിശോധന നടത്തുവാൻ മാത്രമെ ഇവിടെ ഉദ്ദേശിക്കുന്നൊള്ളു.

## അപ്രമാദിത്വം. (കത്തോലിക്കർ കൊടുക്കുന്ന അർത്ഥം)

തന്റെ സഭയ്ക്കു് ഏതു തെററാവരമാണോ മിശിഹാതമ്പുരാൻ കല്പിച്ചുകൊടുത്തതു് ആ തെററാവരംതന്നെ സഭയുടെ അടിസ്ഥാനമായ മാർപ്പാപ്പായ്ക്കുണ്ടു്. വിശ്വാസം സന്മാർഗ്ഗം എന്ന വിഷയങ്ങൾ സംബന്ധിച്ചു് സഭ മുഴുവനേയും സഭയുടെ അടിസ്ഥാനം എന്ന ഔദ്യോഗികനിലയിൽ തത്വനിർണ്ണയംചെയ്തു് അവസാനതീരുമാനമായി പഠിപ്പിക്കുമ്പോൾ മാർപ്പാപ്പാ തെററിലുൾപ്പെടുന്നില്ല.

ഇതാകുന്നു അപ്രമാദിത്വം.

സഭക്കു തെററാവരമുണ്ടെന്നു സമ്മതിക്കുന്നവർ, മാർപ്പാപ്പായിക്കു പരമാധികാരമുണ്ടെന്നു സമ്മതിക്കുന്നപക്ഷം, അതിനാൽ തന്നെ മാർപ്പാപ്പായുടെ അപ്രമാദിത്വവും സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ സഭയെ താങ്ങുന്നതു പരമാധികാരിയായ മാർപ്പാപ്പാ ആകുന്നു. സഭ പ്രമാദരഹിതയും ആണ്. ആകയാൽ പരമാധികാരത്തെപ്പററി കുറെ വിസ്തരിച്ചു പറയണമെന്നു കരുതുന്നു. സഭയുടെ അപ്രമാദിത്വത്തെപ്പററി അതോടൊരുമിച്ചു പ്രതിപാദിച്ചുകൊള്ളാം. ഈ സ്ഥിതിക്കുമാർപ്പാപ്പായുടെ അപ്രമാദിത്വത്തെപ്പററി ദീർഘമായി യാതൊന്നും പ്രസ്താവിക്കേണ്ട ആവശ്യമുണ്ടാകയില്ല.

## A

## പരമാധികാരം.

പാത്രിയർക്കീസ്, സൂനഹദോസ്, സമാധികാരം എന്നൊക്കെയല്ലാതെ "മാർപ്പാപ്പായുടെ പരമാധികാരം" എന്നു് അകത്തോലിക്കരിൽ നിന്നു കേൾക്കുക അസാദ്ധ്യമാണ്. എന്നാൽ പുരാതനസഭ എല്ലാവർക്കും ആരാദ്ധ്യവിഷയംതന്നെ. അതിന്റെ വിശ്വാസം പാവനം: സ്വീകാര്യം: അതു സ്വീകരിക്കാത്തവൻ സത്യക്രിസ്ത്യാനിയുമല്ല.

ഏതാണ് പുരാതനസഭ? എഫേസൂസു സൂനഹദോസു വരെ പുരാതന സഭയുണ്ടായിരുന്നു എന്നു എല്ലാവരും സമ്മതിക്കും. ആകയാൽ അവിടെ ആരംഭിക്കതന്നേ. മാർപ്പാപ്പായിക്കു പുരാ

തന്ന സഭയിൽ ദൈവദത്തമായ പരമാധികാരമുണ്ടായിരുന്നെങ്കിൽ അകത്തോലിക്കരെല്ലാവരും കത്തോലിക്കരാകണമല്ലൊ.

യാക്കോബായക്കാർ കാൎയ്യമായി മതിക്കുന്ന മൂന്നു സൂനഹദോസുകളെപ്പററി പ്രധാനമായി പ്രതിപാദിക്കാം. അവയ്ക്കുമുമ്പും അവയുടെ ഇടയ്ക്കും ഉണ്ടായിട്ടുള്ള സംഭവങ്ങളിൽ ചിലതു് നമ്മുടെ പൎയ്യാലോചനക്കു വിഷയീഭവിക്കയും ചെയ്യും. നിഖ്യാ, കുസ്തന്തിനോപ്പോളീസ്, എഫേസൂസ് എന്ന മൂന്നു സൂനഹദോസുകളും അവയുടെ വിശ്വാസവും യാക്കോബായക്കാർ സ്വീകരിക്കുന്നു എന്നു് അവരുടെ അത്തോം തുബ്ദീൻ വിളിച്ചറിയിക്കുന്നുണ്ടു്.

## 1.

### എഫേസൂസിൽ ആരംഭിക്കാം. (431)

മാർപ്പാപ്പായുടെ പരമാധികാരം പൗരസ്ത്യസഭകൾ സ്വീകരിച്ചിരുന്നു എന്നു സ്ഥാപിക്കുവാൻവേണ്ടി തയ്യാറാക്കിയ ഒരു പ്രബന്ധത്തിൽ, ഒരു പ്രോട്ടസ്റ്റന്റുപണ്ഡിതനായ ഹെർബെർട്ട് സ്കോട്ട് ഇപ്രകാരം പറയുന്നു.

All the Points raised in this dissertation regarding the Papacy can be illustrated, substantiated and vindicated from the study of this one Council of Ephesus alone.

"The Eastern Churches and the Primacy"
1st ed. P. 143

(മാർപ്പാപ്പായുടെ അധിപത്യത്തെപ്പററി ഈ പ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികളെല്ലാം എഫേസൂസിലെ ഈ ഏകസൂനഹദോസിൽനിന്നു വിശദീകരിക്കുവാനും സ്ഥാപിക്കുവാനും ആദരിക്കുവാനും സാധിക്കും.)

വേറൊരു പ്രോട്ടസ്റ്റന്റുപണ്ഡിതനായ നെയാണ്ഡർ (Neander) പറയുന്നു:—

(The Pope) "claimed for himself a supreme judicatory authority" and "by a sovereign authority of the Apostolic see"(empowered St. Cyril to depose Nestorius.)

History of the Church, Bohn's ed. vol. 4. P. 145.

(ന്യായം നടത്തുന്ന ഏററം ശ്രേഷ്ഠമായ അധികാരം തനിക്കുണ്ടെന്നു മാർപ്പാപ്പാ കാണിക്കയും ശ്ലൈഹിക സിംഹാസനത്തിൻെറ ഒരുപരമാധികാരത്താൽ,നെസ്തോറീസിനെ സ്ഥാനഭ്രംശം ചെയ്യുവാൻ വി. ക്രുറില്ലോസിനെ അധികാരപ്പെടുത്തുകയും ചെയ്തു.)

എഫേസൂസിലെ ചരിത്രം നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്നവർ പ്രസ്തുതാഭിപ്രായങ്ങൾ സ്വീകരിക്കാതിരിക്കയില്ല.

പാശ്ചാത്യസഭ മുഴുവനും അന്നു മാർപ്പാപ്പായുടെ കീഴായിരുന്നു. അലക്സാന്ത്രിയാ, അന്തിയോക്കിയാ കുസ്തന്തിനോപ്പോളീസ് മുതലായ പാത്രിയാർക്കാ സിംഹാസനങ്ങളും എഫേസൂസ് ഓർശ്ലേം മുതലായ അതി മെത്രാസനങ്ങളും (അതായതു് പൗരസ്ത്യസഭ മുഴുവൻ) അന്നു മാർപ്പാപ്പായുടെ അധികാരത്തിനു കീഴ്പെട്ടിരുന്നു. സൂനഹദോസു ചരിത്രം ഇതു തെളിയിക്കുന്ന ഒന്നുതന്നേയാണു്.

a. കുസ്തന്തിനോപ്പോളീസിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിസ് അബദ്ധോപദേശം തുടങ്ങിയപ്പോൾ അലക്സാന്ത്രിയാ പാത്രിയർക്കീസായിരുന്ന വി. ക്രുറിലോസ് താഴെകാണുന്ന പ്രകാരം റോമ്മായിലെ സെലസ്റ്റീനോസു മാർപ്പാപ്പായിക്കു് എഴുതി.

"ഇപ്രകാരമുള്ള സംഗതികൾ അങ്ങേയുടെ പരിശുദ്ധതയിങ്കൽ അറിയിക്കുവാൻ സഭയുടെ പുരാതന നടപ്പു ഞങ്ങളേ നിർബ്ബന്ധിക്കുന്നു. . . . ഞങ്ങൾ അയാളോടു വല്ല വിധത്തിലും യോജിക്കണമോ വേണ്ടയോ എന്നതു സംബന്ധിച്ചു ശരിയെന്നു തോന്നുന്നതു്. . . തിരുമാനിക്കാൻ തിരുമനസ്സാകണമേ. . . തിരുമനസ്സിലെ തിരുമാനം. . . മാസിഡോനിയാ മെത്രാന്മാരേയും പൗരസ്ത്യദിക്കിലെ എല്ലാ മെത്രാന്മാരേയും രേഖാമൂലം അറിയിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ ആത്മാവിൻെറയും ബോധത്തിൻെറയും ഐക്യത്തിൽ ഒരുമിച്ചു നില്ക്കുവാൻ അവരുടെ ആഗ്രഹംപോലെ ഒരു അവസരം കൊടുക്കുവാനും സത്യവിശ്വാസത്തിനുവേണ്ടി വേണ്ടവിധം പോരാടുവാൻ അവരെ ആനയിക്കുവാനും എനിക്കു സാധിക്കും."

Migne 77: 84. sqq.

b) മാർപ്പാപ്പാ വി. കൂറിലോസിന്.

"... നമ്മുടെ സിംഹാസനത്തിന്റെ അധികാരം താങ്കൾ അവലംബിച്ചുകൊണ്ട്, നമുക്കു പകരവും നമ്മുടെ സ്ഥാനത്തും ഇതിനാൽ താങ്കൾക്കു നൽകപ്പെടുന്ന അധികാരത്താൽ താഴെ പറയുന്ന പ്രകാരമുള്ള ഒരു വിധി താങ്കൾ കർശനമായി നടപ്പാക്കണം...

നമ്മുടെ ഈ കല്പനക്കു ശേഷം പത്തു ദിവസത്തിനകം രേഖാമൂലം അനുസരിച്ചുപറഞ്ഞുകൊണ്ടു് അയാൾ തന്റെ ദുരുപദേശത്തെ... ശപിച്ചില്ലെങ്കിൽ ഉടൻ തന്നേ താങ്കളുടെ പരിശുദ്ധത ആ സഭയുടെ കാര്യം വിചാരിച്ചുകൊള്ളണം. നമ്മുടെ സഹോദരന്മാരും സഹമെത്രാന്മാരും ആയ യോഹന്നാൻ റൂഫൂസ്, യൂവനേൽ, ഫ്ളാവിയൻ എന്നിവർക്കും ഇതു തന്നെ നാം എഴുതിയിട്ടുണ്ടു്. അതു് അയാളെപ്പറ്റിയുള്ള നമ്മുടെ വിധി അല്ല. ന. കർത്താവായ മിശിഹായുടെ വിധി പ്രത്യക്ഷമാകുവാൻ തന്നെ".

Mansi 4–1020. sqq.

(യോഹന്നാൻ അന്തിയോക്കിയാ പാത്രിയർക്കീസാണ്. യൂവനേൽ ഓർശ്ലേം മെത്രാനും ആകുന്നു.)

കുസ്തന്തിനോപ്പോളീസിലെ വൈദികർക്കും അർമേനിക്കർക്കും ഇതേ രീതിയിൽ തന്നേ മാർപ്പാപ്പാ ലേഖനങ്ങളയച്ചു. വിശ്വാസ വിഷയകമായി തത്വനിർണ്ണയം ചെയ്തു് അവസാനതീരുമാനമായി അതു് പ്രഖ്യാപനം ചെയ്യുവാൻ തനിക്കു് ദൈവദത്തമായ അധികാരമുണ്ടെന്നു് മാർപ്പാപ്പാ ഇവിടെ സൂചിപ്പിക്കുന്നുണ്ടു്.

c) മാർപ്പാപ്പാ നെസ്തോറിസിന്:

"ഇതാകുന്നു നമ്മുടെ തീരുമാനമെന്നു താങ്കളറിഞ്ഞാലും.... ഭക്തിശൂന്യമായ ഈ നൂതനതത്വത്തെ പത്തുദിവസത്തിനകം രേഖാമൂലം പിൻവലിച്ചി.. ല്ലെങ്കിൽ താങ്കൾ സാർവ്വത്രികമായ കത്തോലിക്കാ സഭയുടെ ഐക്യത്തിൽ നിന്നു വേർപെടുത്തപ്പെട്ടു...നമ്മുടെ പേർക്കു കാര്യം നടത്തുവാൻ... അലക്സാന്ത്രിയായിലെ വൈദികശ്രേഷ്ഠനേ നാം നിശ്ചയിച്ചിരിക്കുന്നു."

Mansi 4–1033 sqq.

d)വി. ക്കുറിലോസ് അന്ത്യോക്യായിലെ യോഹന്നാന്:

"നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിധികൾക്കനുസരണമായി ഞങ്ങൾ പ്രവൎത്തിക്കും"

The First Oec. Councils and Papal Infallibility Chapman p. 18.

e) അന്ത്യോ. പാത്രി. നെസ്തോറിസിനു:

ഇത്രവലിയ ഒരു കാൎയ്യം നിസ്സാരമായി പരിഗണിക്കയോ കളിയായി തള്ളിക്കളകയോ ചെയ്യരുതു്. ദൈവത്തിന് ഏററം ഇഷ്ടപ്പെട്ട മെത്രാനായ എൻെറ നാഥൻ സെലസ്റ്റിനോസ് സമാധാന ലാഭത്തിനായി പത്തുദിവസത്തെ കുറഞ്ഞ അവധി മാത്രമേ. . . . നിശ്ചയിച്ചിട്ടുള്ളു എങ്കിലും, കാൎയ്യത്തിൻെറ സ്വഭാവം നോക്കിയാൽ അതു ശരിപ്പെടുത്തുവാൻ പത്തുദിവസം വേണ്ടല്ലൊ, ഒരുദിവസംകൊണ്ടു് അല്ലാ, കുറേമണിക്കൂറുകൊണ്ടു് അതു ശരിപ്പെടുത്താമല്ലൊ." Mansi 4-1062. sqq.

f) ഒരു സാൎവ്വത്രിക സൂനഹദോസിൽ കാൎയ്യങ്ങളെല്ലാം ശരിപ്പെടുത്താമെന്നായിരുന്നു നെസ്തോറിസു പറഞ്ഞിരുന്നതു്. മാൎപ്പാപ്പാ അതിനു വിസമ്മതിച്ചില്ല. ഇപ്രകാരമാണ് എഫേസൂസു സൂനഹദോസു നടന്നതു്. (431) സൂനഹദോസിലേക്കു മാൎപ്പാപ്പാ പ്രതിനിധികളേ അയച്ചു. അവൎക്കു കൊടുത്ത കല്പന ഇപ്രകാരമായിരുന്നു.

"സൂനഹദോസിൽ നിങ്ങൾ ഹാജരായിരിക്കണം. തൎക്കമുണ്ടായാൽ അതിൽ പ്രവേശിക്കരുതു്. മററുള്ളവരുടെ അഭിപ്രായങ്ങൾ സംബന്ധിച്ച് നിങ്ങൾ വിധിപറയണം."

Mansi 4- 556. sqq.

പ്രതിനിധികളെ അയച്ചതു് താൻ മുമ്പേതന്നെ പ്രസ്താവിച്ച വിധി നടപ്പാക്കുവാനാണെന്നു മാൎപ്പാപ്പാ സൂനഹദോസിനു് എഴുതുകയും ചെയ്തു.

g) പ്രതിനിധികൾ നിശ്ചിതസമയത്തു് എഫേസൂസിൽ എത്തിയില്ല. വി. ക്കുറിലോസിൻെറ ആദ്ധ്യക്ഷത്തിൽ സൂനഹദോസ് ആരംഭിച്ചു.

"കാനോനാകളാലും മാൎപ്പാപ്പായുടെ ലേഖനത്താലും നിൎബന്ധിക്കപ്പെട്ടു"കൊണ്ടു് ഒന്നാം യോഗത്തിൽ

സൂനഹദോസു നെസ്തോറിസിനെ ശപിച്ചു. (മാർപ്പാപ്പാ മുമ്പയച്ചിട്ടുണ്ടായിരുന്ന ലേഖനം അവിടെ വായിക്കപ്പെട്ട ശേഷമാണു ഈ ശാപം നടന്നതു്.)

h) രണ്ടാം യോഗത്തിൽ മാർപ്പാപ്പായുടെ പ്രതിനിധികൾ ചെന്നുചേർന്നു. മാർപ്പാപ്പായുടെ ലേഖനം വായിക്കപ്പെട്ടു. അതിലെ ഒരു ഭാഗം:

"വാദത്തിൽ സന്നിഹിതരാകുവാനും മുമ്പേതന്നെ നമ്മാൽ നിശ്ചയിക്കപ്പെട്ടവ നടപ്പാക്കുവാനും പട്ടത്വത്തിൽ നമ്മുടെ വിശുദ്ധ സഹോദരന്മാരായ അർക്കാദിയൂസ്, പ്രൊജെക്റ്റസ് എന്ന മെത്രാന്മാരെയും പീലിപ്പോസു എന്ന പട്ടക്കാരനേയും നമ്മുടെ ശ്രദ്ധ നിമിത്തം നാം അയയ്ക്കുന്നു. തീരുമാനിക്കപ്പെട്ടവ സഭയുടെ രക്ഷയ്ക്കാണെന്നു കാണുമ്പോൾ നിങ്ങളുടെ പരിശുദ്ധത അതിനു സമ്മതിക്കുമെന്നു നാം സംശയിക്കുന്നില്ല."

Mansi 4–1287.

i) അപ്പോൾ കപ്പദോക്കിയാ മെത്രാനായിരുന്ന ഫിർമ്മൂസു് പറഞ്ഞു:

"അതി വിശുദ്ധ മെത്രാനായ സെലസ്തീനോസിന്റെ ശ്ലൈഹികവും വിശുദ്ധവും ആയ സിംഹാസനം ഈ വിഷയത്തിൽ അനുസരിക്കേണ്ട വിധിയും നിയമവും മുമ്പേതന്നേ നിശ്ചയിച്ചുകഴിഞ്ഞു. . . ഇതുതന്നെ ഞങ്ങളും അനുസരിച്ചുകൊണ്ടു് നിയമം നടപ്പാക്കിയിരിക്കുന്നു."

Mansi 4–1287 sqq.

j) ഉടൻ പീലിപ്പോസു്:

". . . ഞങ്ങളുടെ വരവിനു മുമ്പായി ഈ പരിശുദ്ധ സൂനഹദോസിൽ നടത്തപ്പെട്ടവ ഞങ്ങളുടെ മുമ്പിൽ വയ്ക്കപ്പെടണം. അതു് വന്ദനീയനായ നമ്മുടെ മാർപ്പാപ്പായുടേയും ഇപ്പോഴത്തെ പരിശുദ്ധ സമ്മേളനത്തിന്റേയും അഭിഷ്ടംപോലെ ഞങ്ങൾ അവയിലുണ്ടായ നിശ്ചയങ്ങളെ ഉറപ്പിക്കുവാൻതന്നേ"

Labbe and Cossart col. 617 sqq.

ഒന്നാം യോഗനടപടികൾ ഹാജരാക്കപ്പെട്ടു.

k) മൂന്നാം യോഗത്തിൽ അവയെ ഉറപ്പിച്ചുകൊണ്ടു് പീലിപ്പോസു് ഇപ്രകാരം പ്രസംഗിച്ചു:

"…, ശ്ലീഹന്മാരുടെ പ്രഭുവും അവരിൽ പ്രധാനനും വിശ്വാസത്തിൻെറ തൂണും സഭയുടെ അടിസ്ഥാനവും ആയ പത്രോസ്സ രാജ്യത്തിൻെറ താക്കോല്യകൾ കൈപ്പററി എന്നതും, പാപങ്ങൾ വിമോചിക്കുവാനും പിടിക്കുവാനും ഉള്ള അധികാരം അദ്ദേഹത്തിനു നൽകപ്പെട്ടു എന്നതും ഇതുവരെയും എല്ലാ സമയത്തും തൻെറ പിൻഗാമികളിൽ അദ്ദേഹം ജീവിക്കയും വിധിക്കയും ചെയ്യുന്നു എന്നതും സത്യമായും സംശയരഹിതമായും എല്ലാക്കാലത്തും അറിയപ്പെട്ടിരിക്കുന്നവയാണ്. അദ്ദേഹത്തിൻെറ മുറപ്രകാരമുള്ള പിൻഗാമിയും അതേസ്ഥാനംതന്നെയുള്ള ആളും…. ആയ മാർപ്പാപ്പാ– സെലസ്റ്റീനോസ്സ മെത്രാൻ– തൻെറ സ്ഥാനത്തു ഞങ്ങളെ അയച്ചിരിക്കുന്നു. . . ആകയാൽ അയാൾ (നെസ്റ്റോറിസ്സ്) സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തപ്പെട്ടിരിക്കുന്നു എന്നു് നിങ്ങൾ അറിയുവിൻ"

Mansi 4. 1299.

മാർപ്പാപ്പായുടെ അധികാരം ദൈവസ്ഥാപിതമായ പരമാധികാരമാണെന്നു പീലിപ്പോസ്സ വിശദമായി പ്രസ്താവിക്കുന്നുണ്ടു്. മററുരണ്ടു പ്രതിനിധികളും ഇതുപോലെതന്നെ വിധി പ്രസ്താവിച്ചു.

1) അപ്പോൾ വി. കൂറില്ലോസ്സ പറഞ്ഞു:

"അതിപരിശുദ്ധന്മാരുംപുണ്യവാന്മാരുംആയ അക്കാസിയൂസ് പ്രൊജെക്ററസ്സ് എന്നമെത്രാന്മാരാലും, റോമ്മാസഭയിലെ അതിപരിശുദ്ധ പട്ടക്കാരനായപീലിപ്പോസിനാലുംപ്രസ്താവിക്കപ്പെട്ടവ സൂനഹദോസിനു വിശദങ്ങളായിട്ടുണ്ടു്. . . ആകയാൽ ദൈവത്തിനിഷ്ടപ്പെട്ട മെത്രാനായ അതി പരിശുദ്ധ സെലസ്റ്റീനോസിനാൽ നിർണ്ണയിക്കപ്പെട്ടവ നടപ്പാക്കപ്പെടട്ടെ."

Mansi 4– 1300.

മാർപ്പാപ്പായിക്കു പരമാധികാരമുണ്ടെന്നും അതു് ദൈവസ്ഥാപിതമാണെന്നും എഫേസൂസ്സ് സൂനഹദോസിൻെറ കാലത്തു ക്രൈസ്തവസഭ വിശ്വസിച്ചിരുന്നു എന്നല്ലയോ മേലുദ്ധരിച്ച ചരിത്ര രേഖകൾ മുക്തകണ്ഠം ഘോഷിക്കുന്നതു്?

m) അന്തിയോക്കിയാ പാത്രിയർക്കീസായിരുന്ന യോഹന്നാൻ സൂനഹദോസിൽ സംബന്ധിച്ചില്ല. അദ്ദേഹം നെസ്റ്റോ

റിസിൻെറ സ്നേഹിതനായിരുന്നു. സൂനഹദോസ് അദ്ദേഹത്തെ മുടക്കിയെങ്കിലും അതികഠിനമായ ആ ശിക്ഷയിൽനിന്നു മാർപ്പാപ്പാ അദ്ദേഹത്തെ വിട്ടുതലാക്കി.

(See Scott, o. c. P. 167)

സൂനഹദോസ് കഴിഞ്ഞ ശേഷം യോഹന്നാൻ മാർപ്പാപ്പായോടു യോജിച്ചപ്പോൾ മാർപ്പാപ്പാ യോഹന്നാനു ഇപ്രകാരമെഴുതി:

"നമ്മോടുയോജിക്കുക എന്താണെന്നു .... താങ്കൾ അനുഭവിച്ചറിഞ്ഞിരിക്കുന്നു. . . . വി. പത്രോസ് തൻെറ പിൻഗാമികൾ വഴിയായി പ്രദാനംചെയ്യുന്നതു് അദ്ദേഹം സ്വീകരിച്ചതുതന്നെയാണ്. അദ്ദേഹത്തിൻെറ ഉപദേശത്തിൽനിന്നു സ്വയം മാറുവാൻ ആർ ആഗ്രഹിക്കും?"

Mansi 4. 399.

11) അന്തിയോക്കിയാ പാത്രിയർക്കീസു വിരോധിച്ചിട്ടും, റോമ്മാ മാർപ്പാപ്പായുടെ അധികാരത്താൽ എഫേസൂസിലെ സാർവ്വത്രികസൂനഹദോസു നടത്തപ്പെട്ടു എന്നതു് എല്ലാവർക്കും ചിന്താവിഷയമാകട്ടെ. അലെക്ക്സാന്ത്രിയാ പാത്രിയർക്കീസും അന്തിയോക്കിയാ പാത്രിയർക്കീസും കുസ്തന്തിനോപ്പോളിസിലെ പാത്രിയർക്കീസും മാർപ്പാപ്പായുടെ അധികാരത്തിനു കീഴ്പ്പെട്ടിരുന്നു എന്നു് മേലുദ്ധരിച്ച രേഖകൾ സാക്ഷ്യം വഹിക്കുന്നു. എഫേസൂസിലെ മെത്രാൻ വി. ക്രൂറില്ലോസിൻെറ ഭാഗത്തായിരുന്നതിനാൽ അദ്ദേഹവും മാർപ്പാപ്പായിക്കു കീഴ്പ്പെട്ടിരുന്നു എന്നു തിരിച്ചുപറയേണ്ടആവശ്യമില്ല. ഓർശ്ലേമിലെ യൂവനേലിനെ സംബന്ധിച്ചുംഇതുതന്നെ പറയാം. എഫേസൂസിൽവച്ച് അദ്ദേഹം തൻെറ അധികാരംവിപുലമാക്കാൻ ശ്രമിച്ചതു സംബന്ധിച്ച് റോമ്മായിലെ മാർപ്പാപ്പാ അന്തിയോക്യായിലെ മാക്ക്സിമൂസിനു് (യോഹന്നാൻെറ പിൻഗാമി) എഴുതിയതു് ഇപ്രകാരമാണ്.

"അതിങ്കൽ (മുൻപറഞ്ഞ ശ്രമത്തിങ്കൽ) . . . അലക്സാന്ത്രിയായിലെ ക്രൂറിലോസ് . . . പരിശ്രമിച്ചുകൊണ്ടു്, അദ്ദേഹത്തിൻെറ (യൂവനേലിൻെറ) അത്യാഗ്രഹം എന്താണെന്നു് ലേഖനംമൂലം എന്നെ അറിയിക്കുകയും ന്യായവിരുദ്ധങ്ങളായ ശ്രമങ്ങൾക്കു യാതൊരു സമ്മതവും കൊടുക്കരുതെന്നു താഴ്മയോടെ യാചിക്കുകയും ചെയ്തു."

Mansi 4-240

ഇതിൽനിന്ന്, ഓർശ്ലേമിൻെറ നില എപ്രകാരമുള്ളതായിരുന്നെന്ന് പൂൎണ്ണമായി മനസ്സിലാക്കാമല്ലൊ.

൦.) എഫേസൂസു സൂനഹദോസിൻെറ ചരിത്രം ചുരുക്കമായി പ്രസ്താവിച്ചുകഴിഞ്ഞു. അക്കാലത്ത് മാർപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമായ ഒന്നായി പൗരസ്ത്യസഭ വിശ്വസിച്ചു പ്രവൎത്തിച്ചിരുന്നു എന്ന് സൂനഹദോസിൻെറ ചരിത്രം ഏററം വിശദമായി നമ്മേ ഉൽബോധിപ്പിക്കുന്നുണ്ട്.

നെസ്തോറിയരായിതിന്ന് അന്നത്തെ ബാബേൽസഭയുടെ ചരിത്രം ഈ അനുമാനത്തെ ദുർബലമാക്കുന്നില്ല. എന്തെന്നാൽ പിന്നീട് പ്രബലപ്പെട്ട ആ നെസ്തോറിയൻസഭ അന്ന് ഭൂമുഖത്തില്ലായിരുന്നു. ബാബേൽ സഭാംഗങ്ങൾ അന്തിയോക്കിയാ പാത്രിയർക്കീസിൽനിന്നു ഭിന്നിച്ചുനിന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഭിന്നവകുപ്പുകാർ കാലാന്തരത്തിൽ നെസ്തോറീസിനെ ആദരിക്കുകയും ഇപ്പോൾ പുരാതനവിശ്വാസം ത്യജിച്ച് പ്രോട്ടസ്റ്റൻറ് ആശയങ്ങൾക്കനുസരണമായി വൎത്തിക്കുകയും ചെയ്യുന്നു; അവർ സത്യസഭാംഗങ്ങളായിരുന്നെങ്കിൽ ഇപ്രകാരമുള്ള ഒരു വ്യതിയാനം സംഭവിക്കുകയില്ലായിരുന്നു. ആകയാൽ മാർപ്പാപ്പായുടെ പരമാധികാരം സത്യസഭയുടെ വിശ്വാസമാണോ എന്ന പരിശോധനയിൽ ബാബേൽസഭ അവഗണിക്കപ്പെടണം. ഈ കാരണത്താൽ, പുരാതനസത്യസഭയിൽ മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കപ്പെട്ടിരുന്നില്ലെന്നു സ്ഥാപിക്കുവാൻ ബാബേൽസഭയുടെ സാക്ഷ്യം പൎയ്യാപ്തമല്ല. എന്തുകൊണ്ടെന്നാൽ ബാബേൽസഭ അന്നു സത്യസഭയുടെ ഭാഗമല്ലായിരുന്നു. പുരാതന സത്യസഭയുടെ വിശ്വാസമെന്തായിരുന്നെന്നത്രേ നാമിപ്പോൾ ആരായുന്നത്. ഇനി പാശ്ചാത്യസഭയിലേക്ക് കടക്കാം.

ദൈവസ്ഥാപിതമായ ഒന്നുതന്നെയായി അന്നും അതിനടുത്തുള്ളകാലത്തും മാർപ്പാപ്പായുടെ പരമാധികാരം പാശ്ചാത്യസഭയിലും സ്വീകരിക്കപ്പെട്ടിരുന്നു. എന്തുകൊണ്ടെന്നാൽ എഫേസൂസിലെ സൂനഹദോസു പാശ്ചാത്യസഭയിലെ പാത്രിയർക്കീസായിരുന്ന മാർപ്പാപ്പായുടെ പരമാധികാരത്താൽ നടത്തപ്പെട്ടു. ആരംഭകാലംമുതൽതന്നെ പാശ്ചാത്യസഭയിൽ ആ സൂനഹദോസു സ്വീകരിക്കപ്പെടുകയും ചെയ്തുവരുന്നു. എഫേസൂസ് സൂനഹദോ

സ്സ സാർവ്വത്രികസഭയേ ആകമാനം ബാധിക്കുന്ന ഒന്നായിട്ടാണ് പാശ്ചാത്യസഭ എന്നും കരുതിപ്പോന്നിട്ടുള്ളത്. ക്രൈസ്തവസഭയിൽ മിശിഹാ സ്ഥാപിച്ച ദൈവികാധികാരം സാർവ്വത്രികമായും പരമമായും അവിടെ പ്രയോഗിക്കപ്പെട്ടു എന്നാണല്ലോ ഇതിന്റെ അർത്ഥം. എന്തുകൊണ്ടെന്നാൽ സാർവ്വത്രികവും പരമവും ആയ അധികാരപ്രയോഗം സാർവ്വത്രികസൂനഹദോസുകൾക്കു അത്യന്താപേക്ഷിതമത്രെ, എഫേസൂസിൽ മാർപ്പാപ്പായാണ് ഇപ്രകാരമുള്ള അധികാരപ്രയോഗം നടത്തിയതെന്നു നാം കണ്ടുകഴിഞ്ഞു. എഫേസൂസിലെ സൂഹനഹദോസ് സാർവ്വത്രികമായ ഒരു സൂനഹദോസായി പാശ്ചാത്യസഭയാൽ അന്നുതന്നെ സ്വീകരിക്കപ്പെടുകയും ചെയ്തു. ആകയാൽ, എഫേസൂസിൽ ദൈവസ്ഥാപിതമായ ഒന്നായി പ്രയോഗിക്കപ്പെട്ട പരമാധികാരം, അന്നുതന്നെ അതേ വിധത്തിൽ പാശ്ചാത്യസഭ ഒട്ടുക്കു സ്വീകരിക്കപ്പെട്ടു എന്നു സിദ്ധിക്കുന്നു.

എഫേസൂസ്സ സൂനഹദോസിനോട് അടുത്തകാലങ്ങളിൽ പാശ്ചാത്യസഭ ഒട്ടുക്ക് പത്രോസിന്റെ പരമാധികാരത്തിൽ വിശ്വസിച്ചിരുന്നു എന്നതിനും ആ പരമാധികാരം റോമ്മായിൽ സ്ഥിതിചെയ്തിരുന്നു എന്നു പഠിപ്പിക്കയും പ്രവൃത്തിയാൽ പ്രദർശിപ്പിക്കയും ചെയ്തിരുന്നു എന്നതിനും ആ സഭയുടെ പ്രാദേശികവിഭാഗങ്ങളിൽനിന്നുള്ള രേഖകൾ ഇവിടെ ഹാജരാക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ആഫ്റിക്കാ സഭയുടെ നടുനായകമായി പ്രശോഭിച്ചിരുന്ന വി. അഗുസ്തിനോസിന്റെയോ, മിലാനിലെ മെത്രാപ്പോലീത്തായായി പാശ്ചാത്യസഭയുടെ ഒരു വിഭാഗത്തെ അക്കാലത്ത് ഭരിച്ചിരുന്ന വി. അംബ്രോസിയൂസിന്റെയോ, മറ്റു പാശ്ചാത്യസഭാപിതാക്കന്മാരുടേയോ, സൂനഹദോസുകളുടേയോ സാക്ഷ്യങ്ങൾ ഇവിടെ ഞാൻ ഉദ്ധരിക്കുന്നില്ല. പാശ്ചാത്യസഭ ഒട്ടുക്ക്, അന്നു, എഫേസൂസിൽ നടന്ന സൂനഹദോസും അതിൽ പ്രയോഗിക്കപ്പെട്ട പരമാധികാരവും മേൽ പറഞ്ഞവിധം സ്വീകരിക്കപ്പെട്ടു എന്നു മാത്രമെ ഞാൻ പ്രസ്താവിക്കുന്നൊള്ളു.

എഫേസൂസ്സ സൂനഹദോസിനു കുറേ മുമ്പ് ആഫ്രിക്കാ സഭ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിച്ചിരുന്നു എന്നു കാണിക്കുവാൻ "അപ്പിയാരിയൂസിന്റെ ചരിത്രം" സാധാരണമായി

അകത്തോലിക്കർ വൎണ്ണിച്ചു പറയാറുണ്ട്. പക്ഷെ ആ ചരിത്രം ശരിയായി പരിശോധിക്കുന്ന പക്ഷം അതിൽ മാൎപ്പാപ്പായുടെ പരമാധികാരം വിശദമായി കാണാവുന്നതാണ് (cf. The Studies on the Early Papacy. Chapman–Apiarius). അപ്പിയാരിയൂസിന്റെ കഥ ഇങ്ങനെ നില്ക്കട്ടെ. എഫേസൂസിലെ സൂനഹദോസു സാൎവ്വത്രികമായ ഒന്നായി അഫ്രിക്കാസഭയാലും അന്നു സ്വീകരിക്കപ്പെട്ടു. നമുക്കിതുമതി.

മാൎപ്പാപ്പായ്ക്കു വിധേയരാകാതെ നിന്നിരുന്ന പെലാജിയൻ, ഡൊനാറ്റിസ്റ്റ് ആൎയ്യൻ ആദിയായ ചില വിഭാഗങ്ങൾ അന്നു പാശ്ചാത്യദിക്കിലുണ്ടായിരുന്നു. എന്നാൽ അവ ഇന്നു നാമാവശേഷങ്ങളായി തീൎന്നിരിക്ക നിമിത്തം അന്നു സത്യസഭയുടെ ശാഖകളോ വിഭാഗങ്ങളോ അല്ലായിരുന്നു എന്നു നിഷ്പ്രയാസം ഗ്രഹിക്കാമല്ലൊ. എന്തുകൊണ്ടെന്നാൽ സത്യസഭ നിത്യം നില്ക്കുന്ന ഒരു സ്ഥാപനമത്രെ. ആകയാൽ അവയുടെ അന്നത്തെ നില മാൎപ്പാപ്പായുടെ പരമാധികാരത്തെ ഹനിക്കുവാൻ പൎയ്യാപ്തമല്ല. അവയിൽ നാം ശ്രദ്ധപതിച്ചിട്ടും കാൎയ്യമില്ല. എന്തുകൊണ്ടെന്നാൽ സത്യസഭയുടെ വിശ്വാസത്തെപ്പറ്റിയാണു നാമിപ്പോൾ പ്രതിപാദിക്കുന്നത്. ഇന്നു നാമാവശേഷങ്ങളായി തീൎന്നിരിക്കുന്ന മറ്റു ക്രൈസ്തവവിഭാഗങ്ങൾ എവിടെയെങ്കിലും അന്നുണ്ടായിരുന്നെങ്കിൽ അവയേയും നമുക്കു അവഗണിക്കാവുന്നതാണ്.

ഇത്രയും പ്രതിപാദിച്ചതിൽ നിന്നുള്ള അനുമാനമെന്തന്നാണു ഇനി പ്രസ്താവിക്കുവാൻ പോകുന്നത്.

വി. പത്രോസിനു മിശിഹാ കൎത്താവു പരമാധികാരം കല്പിച്ചു കൊടുത്തു എന്നും ആ പരമാധികാരത്തിൽ വി. പത്രോസിന്റെ മുറപ്രകാരമുള്ള ഏക പിൻഗാമി മാൎപ്പാപ്പാ ആകുന്നു എന്നും സത്യക്രൈസ്തവസഭ ഒട്ടുക്കു എഫേസൂസു സൂനഹദോസിന്റെ കാലത്തു വിശ്വസിക്കയും-അതേ, മാൎപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമായ ഒന്നായി സത്യക്രൈസ്തവസഭ മുഴുവൻ വിശ്വസിക്കയും, അതിനെ ഒരു വിശ്വാസസത്യമായി സത്യസഭ മുഴുവൻ എഫേസൂസു സൂനഹദോസിന്റെ കാലത്തു സ്വീകരിക്കയും തദനുസരണം പ്രവൎത്തിക്കയും ചെയ്തു എന്നാണല്ലൊ എഫേസൂസ് സൂനഹദോസ് നമ്മെ ഉൽബോധിപ്പിക്കുന്നത്. വിശ്വാസത്തേയും ക്രൈസ്തവസഭയുടെ ഘടനാസ്വഭാവത്തേയും ഏ

ററം സാരമായ വിധത്തിൽ സ്പർശിക്കുന്ന ഒരു സംഗതിയാകുന്നു ഇതു്, എന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ. മാർപ്പാപ്പായുടെ പരമാധികാരം സ്വീകാര്യമല്ലെങ്കിൽ, എഫേസൂസ് സൂനഹദോസിന്റെ കാലത്തു് സത്യസഭ ആകമാനം തെററിലുൾപ്പെട്ടു എന്നു പറയേണ്ടിവരും. എന്നാൽ സഭക്കു തെററുവാൻ പാടില്ല. „നരകവാതിലുകൾ അതിനേ ജയിക്കുകയില്ല" എന്നല്ലയോ മിശിഹാതമ്പുരാന്റെ വാഗ്ദാനം?. „നിങ്ങൾപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" "കണ്ടാലും ലോകാവസാനംവരെ എല്ലാ ദിവസവും ഞാൻ നിങ്ങളുടെ കൂടെ ഉണ്ടു്" „നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു". എന്നെല്ലാമുള്ള തിരുവാക്യങ്ങൾ സഭയുടെ തെററില്ലാവരത്തെ അല്ലയോ നമ്മെ അനുസ്മരിപ്പിക്കുന്നതു്? ലോകാവസാനംവരെ എല്ലാ ദിവസവും മിശിഹായുടെ സാന്നിദ്ധ്യം സഭയിലുള്ളതിനാൽ സഭ ഒരു ദിവസവും തെററിൽ ഉൾപ്പെടുവാൻ പാടുള്ളതല്ല.

ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണു് ക്രൈസ്തവ വിശ്വാസം. ആ വിശ്വാസം സഭയെ ദൈവം ഭരമേല്പിക്കയും അന്യരെ അതു പഠിപ്പിക്കുവാൻ സഭയെ ദൈവം അധികാരപ്പെടുത്തുകയുംചെയ്തു. എല്ലാവരും സഭയിൽനിന്നു് ആ വിശ്വാസം സ്വീകരിച്ചുകൊള്ളണം എന്നാണു് ദൈവനിശ്ചയം. സഭക്കു തെററുവന്നേക്കാമെന്നു സങ്കല്പിക്കുക. എല്ലാ മനുഷ്യരും തെററു വിശ്വസിക്കണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു എന്നായിരിക്കും അനുമാനം! ഇതെത്രയൊ ബീഭത്സം! ആകയാൽ സഭ പ്രമാദരഹിതയാണെന്നു സമ്മതിക്കതന്നെവേണം. പരിശുദ്ധാരൂപിയല്ലയൊ സഭയെ നടത്തുന്നതും.

എഫേസൂസു സൂനഹദോസിന്റെ കാലത്തു് മാർപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമായ ഒന്നായി സഭ ഒട്ടുക്കു വിശ്വസിച്ചിരുന്നു. വിശ്വാസ വിഷയകമായി സഭക്കു തെററുവാൻ പാടില്ലാത്തതിനാൽ, പ്രസ്തുത വിശ്വാസം ദൈവികവും എല്ലാവരാലും സ്വീകരിക്കപ്പെടേണ്ടതും ആകുന്നു.

നെസ്തോറിയൻ പാഷണ്ഡതയുടെ കാലത്തു് സഭ തെററിൽ വീണില്ലെന്നു ഒരു യാക്കോബായഗീതം സാക്ഷിക്കുന്നതു കേട്ടാലും:

ഈത്തോ ഏനോത്തു് വേമ്റാത്തു് ത്രാവ്വ ബീ ഗാലേ ഉമഹശ്രുലെ ഉല്ലോ ആസിയ്യൂൻ വക്രെബ്ബ് ആം നിസ്തോർ ലീത്തോ വമാവോത്തു് മാഹൂർത്തേ.

(സഭ ഉത്തരമായി പറഞ്ഞു: ഓളങ്ങളും തിരമാലകളും എന്റെമേൽ വന്നടിച്ചു. എന്നാൽ അവ എന്നെ ഇളക്കിയില്ല. ശപിക്കപ്പെട്ടവനായ നെസ്തോറിസ് എന്നോടു പൊരുതി. എന്നാൽ അവൻ അധഃപതിച്ചുപോയി.)

അതേ, മാർപ്പാപ്പായുടെ പരമാധികാരം മനുഷ്യനിർമ്മിതവും തദ്വാരാ സ്വീകരിക്കേണ്ടതല്ലാത്തതും ആണെങ്കിൽനെസ്തോറിയൻ പാഷണ്ഡതയുടെ കാലത്തു സഭ ഇളകിപ്പോയി എന്നും അധഃപതിച്ചുപോയി എന്നും പറയേണ്ടിവരും. അങ്ങിനെ ആരുംപറയുകയില്ലല്ലോ. ആകയാൽ മാർപ്പാപ്പായുടെപരമാധികാരത്തിലുള്ള വിശ്വാസം ദൈവികവും പുരാതനവും ആണെന്നു സമ്മതിക്കാതെതരമില്ല. അതു സ്വീകരിക്കാത്തവർ പുരാതന വിശ്വാസത്തിൽനിന്നു വ്യതിചലിച്ചവരും തദ്വാരാ ശാപാർഹന്മാരും ആകുന്നു.

പൌലോസു ശ്ലീഹാ ധന്യൻ
ചൊൽകേട്ടേ നിയേവം
നിങ്ങളെ ഞങ്ങളറിയിച്ചതൊഴി
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാ ദൂതൻ
താനേൽക്കും സഭയിൽ ശാപം
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിനുപദേശം തൊ
ട്ടവസാനിപ്പിപ്പോൻ ധന്യൻ.

(യാക്കോബായ കുർബാനക്രമം)

2.

## കുസ്തന്തിനോപ്പോലീസു സൂന്നഹദോസ്. (381)

കുസ്തന്തിനോപ്പോലീസിൽ കൂടിയ രണ്ടാമത്തെ സാർവ്വത്രിക സൂന്നഹദോസാണു് ഇനി നമ്മുടെ ചിന്താവിഷയമാകേണ്ടതു്.

ഇതു കിഴക്കരെ മാത്രം ഉദ്ദേശിച്ചുള്ള ഒരു സൂന്നഹദോസായിരുന്നു. മാർപ്പാപ്പാ അംഗീകരണം കൊടുത്തുകൊണ്ടു് അതിനെ സാർവ്വത്രികമായി ഉയർത്തുകയാണു് ചെയ്തിട്ടുള്ളതു്. ഈ അംഗീകരണം എഫേസൂസു സൂന്നഹദോസിനു ശേഷമായിരുന്നതി

നാൽ എഫേസൂസിലേതാണ് രണ്ടാമത്തെ സാർവ്വത്രിക സൂനഹദോസ് എന്ന് നാം ചിലപ്പോൾ വായിക്കാറുണ്ടു്.

Cf. Herbert Scott O. C.

T. W. Allies, The Throne of the Fisherman.

a) ഈ സൂനഹദോസിന്റെ മൂന്നാം കാനോനായുടെ ചരിത്രം പരിശോധിക്കാം. അതിൽനിന്ന് സൂനഹദോസിന്റെ വില മുഴുവനും മാർപ്പാപ്പായിൽ നിന്നാണെന്നു വിശദമാകും.

കുസ്തന്തിനോപ്പോളീസ് ഹെറാക്ലിയായുടെ ഒരു ഉപമെത്രാസനം മാത്രമായിരുന്നു. ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ ഉയർന്നുവന്ന ആ മെത്രാസനം പൌരസ്ത്യ ദിക്കിലെ പാത്രിയാർക്കസ്ഥാനങ്ങളെക്കൂടെയും അടിപ്പെടുത്തുവാൻ ശ്രമിച്ചു. അങ്ങിനെയുള്ള ശ്രമത്തിന്റെ ഫലമാണ് പ്രസ്തുത മൂന്നാം കാനോനാ. റോമ്മാ കഴിഞ്ഞിട്ടുള്ള ഒന്നാം സ്ഥാനം കുസ്തന്തിനോപ്പോളീസിനു കൊടുക്കണമെന്നാണ് കാനോനായുടെ സാരം. കാനോനാ ചക്രവർത്തിയുടെ സാന്നിദ്ധ്യത്തിൽ നിർമ്മിക്കപ്പെട്ടെങ്കിലും അതിന് അംഗീകരണം കൊടുക്കുവാൻ ചക്രവർത്തിക്കൊ പൌരസ്ത്യ മെത്രാന്മാർക്കോ സാധിച്ചില്ല. മാർപ്പാപ്പായുടെ അംഗീകരണമില്ലാഞ്ഞതിനാൽ കാനോനാ വിലയററതായി കരുതപ്പെട്ടു. ചില ഭേദഗതികളോടുകൂടി 451-ൽ കൽക്കദോനിയാ സൂനഹദോസിൽ, ആ സൂനഹദോസിന്റെ 28-ാം കാനോനായായി പ്രസ്തുത കാനോൻ വീണ്ടും അവതരിപ്പിക്കപ്പെട്ടു. സൂനഹദോസിൽ സംബന്ധിച്ച എല്ലാവരുംതന്നെ സമ്മതം പ്രദർശിപ്പിച്ചെങ്കിലും മാർപ്പാപ്പായുടെ പ്രതിനിധികൾ പ്രതിഷേധിച്ചു. അവർ പറഞ്ഞു:

"പുരാതന കാനോനാകളെ എല്ലാം ഇളക്കി മറിച്ചുകൊണ്ടു, പരിശുദ്ധ സിംഹാസനത്തിനു വരുത്തിക്കൂട്ടുന്ന നാശത്തെ സംബന്ധിച്ചു വിധിപറയുവാൻ സാർവ്വത്രിക സഭയുടെ പിതാവായ ശ്ലൈഹിക പുരുഷനെ (റോമ്മാ മാർപ്പാപ്പായെ) സംഗതി അറിയിക്കണം."

The Examiner Dec. 23. 1922.

ചക്രവർത്തിയുടെ പിൻബലത്തോടെ പൌരസ്ത്യമെത്രാൻ മാർപ്പാപ്പായിക്കു് എഴുതുന്നു: ——.

"അങ്ങുന്നു ഞങ്ങളുടെ തലയാണ്. ഞങ്ങൾ അംഗങ്ങളും ആകുന്നു. അങ്ങെയുടെ പ്രതിനിധികളിൽ അങ്ങുന്നു ഞങ്ങളുടെ നായകനാകുന്നു. ... ഞങ്ങൾ നിൎമ്മിച്ച കാനോനാ സ്വീകരിച്ചുകൊണ്ട്, അങ്ങേയുടെ പരിപാലനം മുന്തിരിതോട്ടത്തിന്റെ ഈ ഭാഗത്തേക്കും തിരിക്കേണമെ"

The Examinor. Dec. 23–1922.

ചക്രവൎത്തിയും ഇപ്രകാരം അപേക്ഷിക്കാതിരുന്നില്ല.

മാൎപ്പാപ്പാ ചക്രവൎത്തിക്കു:

"ശ്ലൈഹികസിംഹാസനം സൃഷ്ടിക്കുവാൻ രാജാവിന്റെ സാന്നിദ്ധ്യം പൎയ്യാപ്തമല്ല"

d' Herbigny S. J. "East and West in the Unity of Christ". P. 21–23.

ചക്രവൎത്തി മാൎപ്പാപ്പായിക്കു:

"പുരാതന നടപ്പിൽ യാതൊരു വ്യത്യാസവും വരുത്തുവാൻ സമ്മതിക്കാഞ്ഞതിൽ, ശ്ലൈഹികസിംഹാസനത്തിലെ മെത്രാൻ എന്ന നിലയിൽ അങ്ങേയുടെ പരിശുദ്ധത ഏററം വിശേഷരീതിയിൽ പ്രവൎത്തിച്ചിരിക്കുന്നു."

Ibidem.

കുസ്തന്തിനോപ്പിൽ പാത്രിയൎക്കീസായിരുന്ന അനത്തോളിസ് മാൎപ്പാപ്പായിക്കു:

"എന്നിൽ യാതൊരു കുററവുമില്ലെന്ന് അങ്ങേയുടെ പരിശുദ്ധത അറിഞ്ഞാലും. . . . അവിവേകവും അന്യരുടെ വസ്തുവിന്മേലുള്ള ആഗ്രഹവും എനിക്കു വേണ്ടെന്നു വച്ചിരുന്നതിനാൽ ആ കാൎയ്യത്തിൽ എന്നാൽ യാതൊന്നും ചെയ്യപ്പെട്ടില്ലെന്നു അങ്ങെയുടെ പരിശുദ്ധത വേണ്ടവിധം ഗ്രഹിക്കണമേ."

Inter Epist. Leonis M. 132.

നോക്കുക– ഇതെല്ലാം കൽക്കിദോനിയാ സൂനഹദോസിനോടു അനുബന്ധപ്പെട്ടു നടന്ന സംഭവങ്ങളാണ്. രണ്ടാം സാൎവ്വത്രികസൂനഹദോസിലെ മൂന്നാംകാനോനാ മാൎപ്പാപ്പാ അംഗീകരിച്ചിരുന്നില്ലാ എന്നല്ലയൊ ഇതിൽനിന്നുള്ള അനുമാനം. സൂനഹദോസിന്റെ ഒരു കാനോനാ മാൎപ്പാപ്പായുടെ അംഗീകരണമില്ലാഞ്ഞതിനാൽ വിലയററതായി കരുതപ്പെട്ടിരുന്നുന്നല്ലയോ ഇതിന്റെ അൎത്ഥം? അതേ, 381 മുതൽ 451വ

രെ ആ കാനോനാ വിലയററതായി കരുതപ്പെട്ടു. എന്തുകൊണ്ട്? മാപ്പാപ്പായുടെ അംഗീകരണമില്ലാഞ്ഞതിനാൽ! ഇതിൽനിന്ന് രണ്ടാം സാർവ്വത്രികസൂനഹദോസിൻെറ വിലമുഴുവനും മാപ്പാപ്പായിൽ നിന്നാണെന്ന് അനുകതസിദ്ധമാണല്ലൊ. മാപ്പാപ്പായുടെ പരമാധികാരം സഭ മുഴുവനും സ്വീകരിച്ചിരുന്നു എന്നാണല്ലൊ ഇതിൻെറ അൎത്ഥം. ഇത്രസാരമായ ഒരു വിഷയത്തിൽ സഭയ്ക്കു തെററുവാൻ പാടുള്ളതും അല്ല.

b) രണ്ടാം സാർവ്വത്രിക സൂനഹദോസിൻെറ അദ്ധ്യക്ഷന്മാരെക്കുറിച്ചും സ്വല്പം പറയാം.

അന്തിയോക്കിയാ പാത്രിയർക്കീസായിരുന്ന മെലേസിയൂസ് നസിയൻസിലേ വി. ഗ്രിഗോറിയൂസ്, കുസ്തന്തിനോപ്പോളിസുപാത്രിയർക്കീസായിരുന്ന നെക്താരിയൂസ് എന്ന മൂന്നുപേരും പ്രസ്തുത സൂനഹദോസിൽ ആദ്ധ്യക്ഷം വഹിച്ചു. മെലേസിയൂസ് ആരംഭത്തിൽതന്നെ മരണംപ്രാപിച്ചു. മുൻപറഞ്ഞ 3-ാം കാനോനാ സംബന്ധിച്ചുള്ള തൎക്കങ്ങൾ നിമിത്തം വി. ഗ്രിഗോറിയൂസ് അദ്ധ്യക്ഷപദം രാജിവച്ചു. അപ്പോൾ നെക്താറിയൂസ് അദ്ധ്യക്ഷനായി. അദ്ദേഹം കുസ്തന്തിനോപ്പോളിസിലേ പാത്രിയാൎക്കീസുമായിരുന്നു. അദ്ദേഹത്തിൻെറ നിയമനം സംബന്ധിച്ചു റോമ്മായിലെ ഒന്നാം ബൊനിഫാസിയൂസ് മാപ്പാപ്പാ പറയുന്നതു കേട്ടാലും:

„നാം അറിഞ്ഞിട്ടില്ലായിരുന്നതിനാൽ നെക്താരിയൂസിൻെറ നിയമനം ഉറപ്പില്ലാത്തതായി കരുതിക്കൊണ്ട് . . . . . തെഒദോസിയൂസു ചക്രവൎത്തി തൻെറ അരമന ദാസന്മാരെ മെത്രാന്മാരുടെ ഒരുമിച്ച് അയക്കുകയും യഥാവിധി അദ്ദേഹത്തിൻെറ പട്ടസ്ഥാനത്തേ ഉറപ്പിക്കുന്ന ഒരു ഐക്യകത്ത് പരിശുദ്ധസിംഹാസനത്തിൽ നിന്നു പ്രാപിക്കുകയും ചെയ്തു."

Ep. XIV.

ഇതിൽനിന്ന് രണ്ടാം സൂനഹദോസിനുള്ള വില എവിടെ നിന്നാണെന്നു മനസ്സിലാക്കാമല്ലൊ. റോമ്മാ മാപ്പാപ്പാ തിരുസഭയുടെ തലവനാണെന്നും യഥാൎത്ഥക്രിസ്ത്യാനികൾ അദ്ദേഹത്തോടു യോജിച്ചു നില്ക്കണമെന്നും അദ്ദേഹത്തിനുള്ള ഈ പരമാധികാരം ദൈവദത്തമാണെന്നും വിശദമായി പ്രഖ്യാപനം ചെയ്തിട്ടുള്ള ഒരാളാണ് പ്രസ്തുത ബൊനിഫാസിയൂസ് മാപ്പാപ്പാ.

(See Ep. XV.) T. W. Allies. O. C. p. 307-308.

രണ്ടാമത്തെ അദ്ധ്യക്ഷനായിരുന്ന വി. ഗ്രിഗോറിയൂസ് പൌരസ്ത്യരുടെ അത്യാഗ്രഹം നിമിത്തം അദ്ധ്യക്ഷസ്ഥാനവും എന്നുവേണ്ടാ കുസ്തന്തിനോപ്പോളിസിലേ പാത്രിയർക്കീസ് എന്ന ഉന്നത സ്ഥാനവും ഉപേക്ഷിച്ചു കളഞ്ഞു. കുസ്തന്തിനോപ്പോളിസു സിംഹാസനത്തെ ഉയർത്തണമെന്ന ഉദ്ദേശ്യത്തോടെ നടത്തിയ വാദത്തിൽ, "പടിഞ്ഞാറല്ല കിഴക്കാണ് നമ്മുടെ ദിവ്യരക്ഷകൻ ജനിച്ചത്" എന്നു ചില പൌരസ്ത്യമെത്രാന്മാർ പ്രസ്താവിച്ചപ്പോൾ "കിഴക്ക തന്നേയായിരുന്നല്ലൊ അവിടുന്നു കൊല്ലപ്പെട്ടതും" എന്നായിരുന്നു വി. ഗ്രിഗോറിയൂസിൻെറ സമാധാനം.

Cf. Duchesne. The Churches Separated from Rome, The Greek Church and Greek Schism.

ഈ സംഭവം പരമാധികാരം സംബന്ധിച്ചുള്ള പര്യന്വേഷണത്തിൽ നമുക്ക സഹായമായിരിക്കും. ക്രൈസ്തവലോകം മുഴുവൻെറയും അദ്ധ്യക്ഷ!" എന്നാണ് വി. ഗ്രിഗോറിയൂസു റോമ്മാസഭയേ അഭിസംബോധന ചെയ്തിട്ടുള്ളതും.

(Caronen de vita sua- Patrologia Graeca XXXVII. 1068.)

ഒന്നാമത്തേ അദ്ധ്യക്ഷൻ അന്തിയോക്കിയാ പാത്രിയർക്കീസായിരുന്ന മെലേസിയൂസായിരുന്നു. അലക്സാന്ത്രിയാ പാത്രിയർക്കീസോ പാശ്ചാത്യദിക്കിൽ നിന്ന് ഒരു മെത്രാൻ പോലുമോ അവിടെ ഇല്ലായിരുന്നു എന്നു പ്രത്യേകം അറിഞ്ഞിരിക്കണം. അതു നിമിത്തമാണ് പൌരസ്ത്യമെത്രാന്മാരുടെ ആ സംഘത്തിൽ മെലേസിയൂസിന് അദ്ധ്യക്ഷപദം ലഭിച്ചത്. എന്നാൽ ഈ മെലേസിയൂസ് അന്തിയോക്കിയാ പാത്രിയർക്കീസായി തീൎന്നതു എങ്ങിനെയെന്നു മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. മെലേസിയൂസ് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അന്തിയോക്കിയായിൽ അറിയൂസു കക്ഷിയുടെ ശക്തി പ്രബലപ്പെട്ടിരുന്നു. മെലേസിയൂസ് കത്തോലിക്കനല്ലെന്നു ബലമായ സംശയവും ഉണ്ടായിരുന്നു. ഓരോ കക്ഷിക്കും സ്വന്തമായി പാത്രിയർക്കീസന്മാരും ഉണ്ടായിരുന്നു. സാക്ഷാൽ പാത്രിയർക്കീസു ആരായിരുന്നു എന്ന് ആൎക്കും നിശ്ചയമില്ലായിരുന്നതിനാൽ കേസറിയായിലേ വി. വലിയ ബസേലിസ് റോമ്മായിലെ ദാമസൂസ് മാർപ്പാപ്പായിക്ക് 370-നും 372-നും മദ്ധ്യേ ഇങ്ങനെ എഴുതി:-

"അങ്ങേയുടെ ആർദ്രതയിൽ നിന്നുള്ള ഒരു സന്ദർശനമാണ് ഞങ്ങളുടെ ഏക പ്രത്യാശ. നമ്മുടെ വിശ്വാസമുള്ള ആളുകളെ ഞങ്ങളുടെ പക്കൽ അയക്കേണമെ. ഭിന്നതകൾ അവസാനിപ്പിച്ച് ദൈവത്തിന്റെ സഭക്ക് അവർ ഐക്യം വരുത്തും"

Ep. 70

അലക്സാന്ത്രിയായിലെ വി. അത്തനാസിയൂസിന് വി. ബസേലിസു എഴുതുന്നു.

"നമ്മുടെ കാര്യം പരിശോധിക്കുവാനും യാത്രയുടെ ക്ലേശങ്ങൾ സഹിച്ച്, നമ്മുടെ ഇടയിൽ തെററിപ്പോയിട്ടിരിക്കുന്നവരേ ദയവായും എന്നാൽ കശ്ശനമായും തിരുത്തുവാൻ തക്ക യോഗ്യന്മാരെ നിശ്ചയിച്ചുകൊണ്ട് ഈ കാര്യത്തിൽ തന്റെ അധികാരം പ്രയോഗിക്കുവാനും ആയി റോമ്മായിലെ മെത്രാന് എഴുതേണ്ടതാണെന്നു നാം വിചാരിച്ചു."

Ep. 69.

ദൊരത്തേവൂസ് സൻക്ത്തിസിമൂസ് എന്ന രണ്ടു പ്രതിനിധികൾ വഴിയാണ് വി. ബസേലിസു തന്റെ ലേഖനം റോമ്മായിക്കയച്ചത്. മാർപ്പാപ്പായുടെ മറുപടി കണ്ടതോടെ! കലഹം ശമിക്കയും മെലേസിയൂസ് സാക്ഷാൽ പാത്രിയർക്കീസായി കരുതപ്പെടുകയും ചെയ്തു. ഇങ്ങനെ റോമ്മായുമായി മെലേസിയൂസ് ഐക്യപ്പെട്ടിരിക്കുമ്പോഴാണ് കസ്തന്തീനോപ്പോളിസിലെ സൂനഹദോസു നടന്നതും അതിൽ അദ്ദേഹം അദ്ധ്യക്ഷം വഹിച്ചതും.

(Cf. The Catholic Encyclopedia- Meletius Hall, 'The Shadow of Peter."

ഇതാണ് രണ്ടാം സാർവ്വത്രിക സൂനഹദോസിൽ അദ്ധ്യക്ഷം വഹിച്ചവരുടെ ചുരുങ്ങിയ ചരിത്രം. രണ്ടാം സാർവ്വത്രിക സൂനഹദോസിലും മാർപ്പാപ്പായുടെ പരമാധികാരം സമ്മതിക്കപ്പെട്ടിരുന്നു എന്നു ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലൊ.

c) സൂനഹദോസിൽ സംബന്ധിച്ച പൌരസ്ത്യ മെത്രാന്മാർക്കു ദാമസൂസ് മാർപ്പാപ്പാ അയച്ച ഒരു ലേഖനവും ഇവിടെ ഉദ്ധരിക്കാം. തീമോതേയൂസ് അപ്പോള്ളിനാരിയൂസു എന്ന രണ്ടു പാഷണ്ഡരേ ശപിക്കണമെന്നു കാണിച്ച് പ്രസ്തുത മെത്രാന്മാ

ർ മാർപ്പാപ്പായ്ക്കു് അയച്ച അപേക്ഷയുടെ ഉത്തരമാണു് പ്രതിപാദ്യ ലേഖനം. മാർപ്പാപ്പാ എഴുതുന്നു:-

"ഏററം ബഹുമാനപ്പെട്ട എന്റെ മക്കളെ, തക്കതായ ബഹുമാനം ശ്ലൈഹിക സിംഹാസനത്തോടു നിങ്ങൾ കാണിച്ചുകൊണ്ടു് ഒട്ടും കുറഞ്ഞതല്ലാത്ത വിധത്തിൽ നമ്മോടുതന്നെ നിങ്ങൾ അതു കാണിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, പരിശുദ്ധനായ ശ്ലീഹാ (ഇവിടെ) ഇരിക്കുകയും, നമ്മുടെ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന ചുക്കാൻ എങ്ങിനെ നിയന്ത്രിക്കണമെന്നു് നമ്മേ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അദ്ദേഹത്തിനു വേണ്ടതായ ബഹുമാനത്തിനു നാം അയോഗ്യനാണെന്നു നാം അനുസരിച്ചു പറയുന്നു. . . . ഉറച്ച സ്ഥലത്തു് ഉറപ്പോടും കോട്ടം കൂടാതെയും നിങ്ങളുടെ വിശ്വാസത്തിൽ നിങ്ങൾ നില്ക്കണം: മേലിൽ നിങ്ങളുടെ പട്ടക്കാരും ജനങ്ങളും വ്യർത്ഥവാക്കുകൾക്കു . . . ചെവികൊടുക്കുവാൻ അനുവദിക്കരുതു്... നാം ഒരു നിയമം (Topos) മുമ്പേതന്നേ തന്നിട്ടുണ്ടു്. ക്രിസ്ത്യാനിയായി സ്വയം പ്രഖ്യാപനം ചെയ്യുന്നവർ അതു അനുസരിക്കണം... അലക്സാന്ത്രിയാ മെത്രാന്റെ സാന്നിദ്ധ്യത്തിൽ ഇവിടെവച്ചു് അവന്റെ ഗുരുവായ അപ്പോളിനാരിയൂസിന്റെകൂടെ തിമാതെയൂസും ശപിക്കപ്പെട്ടു... ബഹുമാനപ്പെട്ട മക്കളെ, ദൈവം നിങ്ങളെ സുഖമായി പരിപാലിക്കട്ടെ"

Theodoret lib x. c. v.

പൌരസ്ത്യമെത്രാന്മാരെ മാർപ്പാപ്പാ മക്കളെന്നാണു് വിളിക്കുന്നതു്. സഭയുടെ ചുക്കാൻ അഥവാ നിയന്ത്രണം തന്റെ കയ്യിലാണെന്നും മാർപ്പാപ്പാ അവരോടു പറയുന്നു. അവരെല്ലാവരും രണ്ടാം സാർവ്വത്രികസൂനഹദോസിൽ സംബന്ധിച്ചവരും ആണു്. "രണ്ടാം സാർവ്വത്രികസൂനഹദോസും മാർപ്പാപ്പായുടെ പരമാധികാരവും" എന്നതുസംബന്ധിച്ചു് ഇത്രയും പ്രസ്താവിച്ചതു മതിയെന്നു കരുതുന്നു. റോമ്മായിൽ കൂടിയ ഒരു സൂനഹദോസിന്റെ കല്പനപ്രകാരമാണു് പ്രസ്തുത സൂനഹദോസ് 381ൽ സമ്മേളിച്ചതെന്നു അതിൽ സംബന്ധിച്ച മെത്രാന്മാർ 382-ൽ എഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

Cf. Mansi 3. 583.

d) പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച മാക്കേദോനിയൂസിന്റെ പാഷണ്ഡത രണ്ടാം സാർവ്വത്രികസൂനഹദോസിൽവച്ച് ശപിക്കപ്പെട്ടു. ഈ പാഷണ്ഡതയെപ്പററി പൌരസ്ത്യചരിത്രകാരനായ സൊസൊമേനോസു ഇപ്രകാരം പറയുന്നു. "ഈ കാര്യം തുടങ്ങുകയും ദിവസംപ്രതി ബഹുളം വർദ്ധിക്കയുംചെയ്യുമ്പോൾ റോമ്മാനഗരത്തിലെ മെത്രാൻ അതു കേട്ടുകൊണ്ട്, ഒരേ ഒരു സത്വവും (Consubstantial) ബഹുമാനത്തിലും പ്രതാപത്തിലും സമത്വവും ഉള്ള ത്രീത്വത്തിൽ, പാശ്ചാത്യമെത്രാന്മാർ വിശ്വസിക്കുന്നതുപോലെതന്നെ വിശ്വസിക്കണമെന്ന്, പൌരസ്ത്യസഭകളെ അദ്ദേഹംഎഴുതിയറിയിച്ചു. അദ്ദേഹം (റോമ്മാമാർപ്പാപ്പാ) ഇതു ചെയ്തതോടെ റോമ്മായിലെ സഭയുടെ വിധി നിമിത്തം തക്കം തീർന്നുകൊണ്ടും കാര്യമവസാനിച്ചതായി കാണപ്പെട്ടതുകൊണ്ടും എല്ലാവരുംനിശ്ശബ്ദരായി"

H. E. VI. 22.

"റോമ്മാസഭ"യുടെ അധികാരം എപ്രകാരമുള്ളതാണെന്നു മനസ്സിലാക്കിയാലും!

3.

ഇനി നമുക്ക് നിക്കിയായിലേക്ക് കടക്കാം. (325)

a) മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ച നടത്തപ്പെട്ടവയല്ലായിരുന്നു ആദിമസൂനഹദോസുകൾ എന്നു പ്രത്യേകം പറയേണ്ടതായുണ്ട്. നിക്കിയായിൽവച്ച പ്രഖ്യാപനം ചെയ്യപ്പെട്ട വിശ്വാസം സംരക്ഷിക്കുന്നതിന് നിക്കിയാസൂനഹദോസിൽ സംബന്ധിച്ച വി. അത്തനാസിയൂസ് മുതലായ സഭാപിതാക്കന്മാർ നിരവധി കഷ്ടനഷ്ടങ്ങൾ സഹിച്ചിട്ടുണ്ട്. വി. അത്തനാസിയൂസും നിക്കിയായിലെ വിശ്വാസവും പര്യായങ്ങൾ ആണെന്നു പറയാം. അരിയൂസിന്റെ അനുഗാമികൾ അവരുടെ ശത്രുത മുഴുവൻ വി. അത്തനാസിയൂസിന്റെ നേർക്കാണ് തിരിച്ചിരുന്നത്. വിശ്വാസത്തിനു വേണ്ടി അദ്ദേഹം സ്വസിംഹാസനത്തിൽ നിന്നു അഞ്ചു പ്രാവശ്യം ബഹിഷ്കരിക്കപ്പെട്ടു. ശത്രുക്കളുടെ വിരോധം പ്രബലപ്പെട്ടപ്പോൾ അദ്ദേഹം റോമ്മായിലെ യൂലിയൂസു മാർപ്പാപ്പായുടെ പക്കൽ അഭയം പ്രാപിച്ചു. മാർപ്പാപ്പാ തന്റെ അധികാരത്താൽ വി. അത്തനാസിയൂ

സിനെയും അതുപോലെയുള്ളവരേയും അവരുടെ സ്ഥാനങ്ങളിൽ പുനഃസ്ഥാപിച്ചു. അന്തിയോക്കിയായിൽ സമ്മേളിച്ച അര്യൻ മെത്രാന്മാർക്ക് യൂലിയൂസ് മാർപ്പാപ്പാ എഴുതിയ ലേഖനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

“ഒന്നാമതായി നിങ്ങൾ ഞങ്ങൾക്ക് (നമുക്ക്) എഴുതുകയും നീതിയായുള്ളത് ഇവിടെ തീരുമാനിക്കപ്പെടുകയും ചെയ്യണം എന്നതാണ് പതിവ് എന്നു നിങ്ങൾ അറിയുന്നില്ലയോ?... റോമ്മായിലെ മെത്രാന്റെ അറിവുകൂടാതെ സഭക്ക് നിയമങ്ങളുണ്ടാക്കുക ശരിയല്ല... ഭാഗ്യവാനായ പത്രോസു ശ്ലീഹായിൽ നിന്ന് നാം സ്വീകരിച്ചത് ഏതോ അത് ഞാൻ നിങ്ങളെ ചൂണ്ടി കാണിക്കുന്നു....”

Athanas. Apol. Contra Arian. C. II.

ഈ ലേഖനം വി. അത്തനാസിയൂസിനെ ആദരിക്കുവാനായിരുന്നു മാർപ്പാപ്പാ എഴുതിയത്. സ്വയം ആദരിക്കുവാൻ വി. അത്തനാസിയൂസ് ഈ ലേഖനം പല പ്രാവശ്യം ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്.

b) നിക്കിയാസൂനഹദോസിന്റെ ശേഷം കുസ്തന്തിനോപ്പോളീസു മെത്രാനായിരുന്ന പൌലോസും, അൻഗോറായിലെ (Ancyra) മർച്ചെല്ലൂസും ഗാസായിലെ അസ്ക്ലേപ്പാസും; അദ്രിയാനോപ്പിളിലെ ലൂക്കിയോസും മററു പലരും അര്യന്മാരാൽ അവരുടെ സിംഹാസനത്തിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടു. വി. അത്തനാസിയൂസു പ്രവർത്തിച്ചതുപോലെ എല്ലാവരും റോമ്മായിൽ അഭയം പ്രാപിച്ചു.

“റോമ്മാസഭയുടെ വിശേഷവരം നിമിത്തം (യൂലിയൂസു മാർപ്പാപ്പാ) അവരെ സമാധാനത്തിൽ കിഴക്കൻ ദിക്കിലേക്കു പറഞ്ഞയച്ചു” എന്ന് സോക്രട്ടീസ് എന്ന പൌരസ്ത്യചരിത്രകാരനും (Socrates II. c. 15.) “ഓരോരുത്തരേയും അവരവരുടെ സ്ഥാനത്തേക്ക് യൂലിയൂസ് തിരിച്ചയച്ചു”എന്നു സൊസെമേനൂസ് എന്ന വേറൊരു പൌരസ്ത്യ ചരിത്രകാരനും പ്രസ്താവിക്കുന്നു.

(Sozomenus. III. c. 8)

"ദാമസൂസു മാർപ്പാപ്പായുടെ ലേഖനം കൊണ്ടു ചെന്നതിനാൽ" വി. അത്തനാസിയൂസിൻെറ പിൻഗാമിയായിരുന്ന പത്രോസും, ലിബേരിയൂസു മാർപ്പാപ്പായുടെ ലേഖനത്താൽസെബാസ്റ്റയിലേ മെത്രാനായിരുന്ന എവുസ്താത്തിയൂസും സ്വസിംഹാസനങ്ങളിൽ കയറിപ്പററി.

(Socratos IV. C.37; Basil Ep, 263.)

വി. അത്തനാസിയൂസും പിൻഗാമിയായിരുന്ന പത്രോസും റോമ്മാവരെ യാത്രചെയ്യുകയും അനുകൂലമായ വിധി സമ്പാദിക്കുവാൻ അവിടെ വളരെ നാൾ താമസിക്കുകയും ചെയ്തിട്ടുണ്ട്.

നിക്കിയാ സൂനഹദോസിൽ സംബന്ധിക്കുകയും അതിനോടടുത്തുള്ളകാലങ്ങളിൽ അതിലേ വിശ്വാസം സംരക്ഷിക്കുവാൻ ധീരധീരം പോരാടുകയും ചെയ്ത സഭാപിതാക്കന്മാരുടെ പ്രവൃത്തികളാണ് മുകളിൽ പ്രസ്താവിച്ചത്. അവർ മാർപ്പാപ്പായേ പരമാധികാരിയായി സ്വീകരിച്ചു പ്രവർത്തിച്ചിരുന്നു. അവരിൽ പ്രഥമഗണനീയനായ വി. അത്തനാസിയൂസ് നിക്കിയാ സൂനഹദോസിൽ ഒരു പ്രധാനഭാഗം വഹിച്ച ആളും ആകുന്നു. നിക്കിയായിൽ മാർപ്പാപ്പായുടെ പരമാധികാരം പരോക്ഷമായിട്ടെങ്കിലും സ്വീകരിക്കപ്പെട്ടിരുന്നില്ലെങ്കിൽ പ്രസ്തുത സഭാപിതാക്കന്മാരുടെ പ്രവൃത്തി അർത്ഥശൂന്യവും നൂതനമായ ഒരു പരമാധികാരം സൃഷ്ടിക്കുന്ന ഒന്നും ആയിരുന്നു. വി.അത്തനാസിയൂസിനേപോലെയുള്ളവരുടെ മേൽ ഇപ്രകാരം ആരും കുററമാരോപിക്കുവാൻ തുനിയുകയില്ലതന്നെ.

c.) നിക്കിയാസൂനഹദോസിൽ അലക്സാന്ത്രിയായിലേയും അന്തിയോക്കിയായിലേയും പാത്രിയർക്കീസുമാർ സംബന്ധിച്ചു. എന്നാൽ ആദ്ധ്യക്ഷം വഹിച്ചത് പാശ്ചാത്യനും ഒരു വെറും മെത്രാൻ മാത്രവും ആയിരുന്ന കൊർഡോവായിലെ ഓസിയൂസ് ആയിരുന്നു. മാർപ്പാപ്പായുടെ പ്രതിനിധികളായി റോമ്മായിൽ നിന്നുവന്ന വിത്തൂസു, വിൻസന്തിയൂസ് എന്ന രണ്ടു പട്ടക്കാർ ഓസിയൂസിൻെറ ഒരുമിച്ചു സൂനഹദോസു നടപടികളിൽ ഒന്നാം സ്ഥാനത്തു ഒപ്പു വച്ചിരിക്കുന്നു. അതിൻെറ ശേഷം മാത്രമേ അലക്സാന്ത്രിയാ അന്തിയോക്കിയാ മുതലായ പാത്രിയർക്കീസുമാർ പ്രത്യക്ഷപ്പെടുന്നൊള്ളു. സഭയുടെ ഉൾഭരണത്തിൽ അവിടെവച്ച് കുസ്തന്തീനോസു ചക്രവർത്തി യാതൊരു വിധത്തിലും പ്രവേശി

ച്ചില്ലെന്നു വി. അത്തനാസിയൂസു തന്നെ സാക്ഷിക്കുന്നുണ്ടു്.

(Cf. Studies on Early Papacy, St. Athanasis and Julius I. Chapman.)

പരമാധികാരം സംബന്ധമായി ഇതുവരെ പറഞ്ഞവയും ഈ സംഗതിയും കൂടി സംഘടിപ്പിച്ചു നിഷ്പക്ഷമായ ഒരനുമാനം കണ്ടുപിടിക്കുവാൻ ശ്രമിച്ചാലും.

d) നിക്കിയായിൽവച്ച് നിർമ്മിക്കപ്പെട്ടതല്ലെങ്കിലും നിക്കിയായിലേതെന്നു പൌരസ്ത്യ സഭക്കാർ വിളിച്ചുവരുന്ന 84 കാനോനാകളുടെ സഞ്ചയത്തിലെ 8-ാം കാനോനാ പറയുന്നതു എന്തെന്നു കേട്ടാലും:

ഐക്കാനോ ദ്ശാലീത്തു് പത്രിയോർക്കോ ല്മേബാദു് കുൽ ദ്സോബേ ബെവ്യൽത്തോ ബ്ഫോലീൻ ദസ്ഫീത്തു് ശുൽത്തോനേ ഏനൂൻ: നിഹ്‌വേ ശൂൽത്തോനോ ല്ഹാവു ദ്റോമ്മി ആൽ പാത്രിയോർക്കേ കുൽഹൂൻ അക്ക് ശുബോനോ പാത്രോസു ആൽക്കുലേ ഗോവോ.

(ഒരു പാത്രിയർക്കീസിനു തന്റെ ഭരണീയരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം ചെയ്യുവാൻ അധികാരമുള്ളതുപോലെ, എല്ലാ പാത്രിയർക്കീസുമാരുടെമേലും റോമ്മായിലെ പാത്രിയർക്കീസിനു് അധികാരമുണ്ടാകണം: ഭാഗ്യപ്പെട്ട പത്രോസിനു് പൊതുവിൽ എന്നപോലെ.)

യാക്കോബായക്കാരാദിയായ അകത്തോലിക്കർ പ്രസ്തുത കാനോനാകൾ സ്വീകരിക്കുന്നുണ്ട് (34 എബ്രായായുടെ ഹൂദായാ കാനോൻ 7-ാം കെപ്പലേയോൻ 10-ാം പാസൂക്കോ നോക്കുക).

“നിക്കിയാ സൂനഹദോസും മാർപ്പാപ്പായുടെ പരമാധികാരവും” എന്ന വിഷയത്തെപ്പറ്റി പൌരസ്ത്യർ എന്തു ധരിച്ചിരുന്നുഎന്നു് മേലുദ്ധരിച്ച കാനോനാ വിശദമായി പ്രസ്താവിക്കുന്നുണ്ടല്ലോ. മാർപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമായ ഒന്നാണെന്നു എഫേസൂസു സൂനഹദോസിന്റെ കാലത്തു സഭ മുഴുവൻ വിശ്വസിച്ചിരുന്നു എന്നും ഈ അവസരത്തിൽ നാം ഓർമ്മിക്കണം. പൊതു വിശ്വാസത്തിൽ സഭക്കു തെറ്റുവാൻ പാടില്ലല്ലോ. ഈ ധാരണയോടുകൂടിയാണ് മേലുദ്ധരിച്ച കാനോനായുടെ വാക്യരീതി മനസ്സിലാക്കേണ്ടതെന്നും ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

## 4.

## പ്രധാനപ്പെട്ടവ പലതും വിട്ടുകളയുന്നു.

325 മുതൽ 431 വരെയുള്ള കാലങ്ങളിൽ സാൎവ്വത്രിക സഭയിൽ നടന്ന ചില സംഭവങ്ങളെപ്പററിയാണ് ഇത്രയും പ്രസ്താവിച്ചത്. മാൎപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമായ ഒന്നാണെന്ന് സാൎവ്വത്രിക സഭ വിശ്വസിച്ചിരുന്ന കാലങ്ങൾ "പുരാതനസഭ"യിൽ ഉണ്ടായിരുന്നു എന്ന് നാം കണ്ടു കഴിഞ്ഞു. സാൎവ്വത്രികമായ വിശ്വാസത്തിൽ സഭക്കു തെററുവാൻ പാടില്ലാ അതിനാൽ മാൎപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതം തന്നെയാണെന്നു സിദ്ധിക്കുന്നു.

പൌരസ്ത്യദിക്കിൽ നടന്നവയും സാൎവ്വത്രിക സഭയേ ഒട്ടുക്കു ബാധിക്കുന്നവയും ആയ ചില സംഗതികളെപ്പററി മാത്രമേ ഇതേവരെ പ്രതിപാദിച്ചൊള്ളു. പാശ്ചാത്യദിക്കിൽ നടന്നവയും സാൎവ്വത്രികസഭയേ പൊതുവേ ബാധിക്കുന്നവയും ആയ കാൎയ്യങ്ങൾ എല്ലാംതന്നേ ഇവിടെ വിട്ടുകളയുന്നു. പരമാധികാരപരമായി ഒന്നാം ഇന്നോസെൻറ് (402–417) അനസ്താസിയൂസ് (398–402) സിറിച്ചിയൂസ് മുതലായ മാൎപ്പാപ്പാമാർ എഴുതിയിട്ടുള്ള ലേഖനങ്ങളേയോ ചെയ്തിട്ടുള്ള പ്രവൃത്തികളേയോ പററി യാതൊന്നും ഇവിടെ പ്രസ്താവിക്കണമെന്നു കരുതുന്നില്ല.

Cf. T. W. Allies, The Throne of the Fisherman.

വി. ഈറാനിമോസ് വി. അഗുസ്തീനോസ്, വി. അംബ്രോസിയൂസ് ആദിയായ പാശ്ചാത്യ പിതാക്കന്മാരും, വി. ക്രിസോസ്തോമോസ്, വി. എപ്പിഫാനിയൂസ്, വി. അത്തനാസിയൂസ് ആദിയായ പൌരസ്ത്യ പിതാക്കന്മാരും മാൎപ്പാപ്പായുടെ ദൈവസ്ഥാപിതമായ പരമാധികാരം സംബന്ധിച്ചു രേഖപ്പെടുത്തിയിട്ടുള്ളവയും ഇവിടെ വിസ്തരിച്ചു പറയുന്നില്ല.

Cf. Ibidem.

പാശ്ചാത്യദിക്കിലും പൌരസ്ത്യദിക്കിലും നടന്നിട്ടുള്ള പ്രാദേശിക സൂനഹദോസുകളുടെ സാക്ഷ്യങ്ങളും മററു പലതും ഇവിടെ ഉദ്ധരിക്കുന്നില്ല.

* സഭയുടെ പൊതു വിശ്വാസത്തെപ്പററി പ്രതിപാദിച്ചു കഴിഞ്ഞു. വല്ല വ്യക്തിയോ ചില വ്യക്തികളോ ചില പ്രദേശ

ങ്ങളോ അക്കാലത്തു മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കാതിരുന്നതായി ഉണ്ടായിരുന്നു എന്നതു് പരമാധികാരവാദത്തെ ദുർബ്ബലമാക്കുകയില്ല തന്നെ. അങ്ങിനെ വിരോധിച്ചവരുടെ വിഭാഗങ്ങൾ കാലാന്തരത്തിൽ നാമാവശേഷങ്ങളായി തീൎന്നു. ഇതിൽ നിന്നുതന്നേ അവരുടെ നില അന്നും സ്വീകാൎയ്യമല്ലായിരുന്നു എന്നു തെളിയുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ എന്നും ശാശ്വതമായി നിലനില്ക്കുന്ന ഒരു സ്ഥാപനമാകുന്നു സത്യസഭ.

## 5.

## നിക്കിയായിക്കുമുമ്പു്.

ക്രിസ്ത്വാബ്ദം 325-ൽ ആയിരുന്നു നിക്കിയാ സൂനഹദോസ്. 323-ൽ മാത്രമേ സഭക്കു സ്വാതന്ത്ര്യം ലഭിച്ചുള്ളു. അതുവരേ കഠിനമായ മതപീഡനം എല്ലാസ്ഥലത്തും (പ്രത്യേകം റോമ്മായിൽ) നടന്നുകൊണ്ടിരുന്നു. റോമ്മാസഭ അന്നു ഭൂമിക്കടിയിലായിരുന്നു സമയം ചെലവഴിച്ചിരുന്നതു്! ഇപ്രകാരമുള്ള സാഹചൎയ്യങ്ങളിൽ മാർപ്പാപ്പായുടെ പരമാധികാര പ്രയോഗം വെളിക്കു പ്രസ്പഷ്ടമായി കാണപ്പെടുക അത്ര എളുപ്പമല്ലായിരുന്നു. എങ്കിലും ചില അവസരങ്ങളിൽ മാർപ്പാപ്പാമാർ തങ്ങൾക്കു് പരമാധികാരമുണ്ടെന്നു അവരുടെ പ്രവൃത്തികളാൽ വിശദമാക്കിയിട്ടുണ്ടു്. ഈ വിധ പ്രവൃത്തികൾ വളരെ അധികമില്ല. അവ സംബന്ധിച്ചുള്ള ചരിത്രരേഖകളും കുറവാണു്. പരമാധികാരപരമായ യാതോരു പ്രവൃത്തിയുടേയും രേഖയില്ലെന്നോ, അഥവാ പരമാധികാരപരമായി യാതൊന്നും അക്കാലത്തു നടന്നിട്ടില്ലെന്നോ വന്നാൽ തന്നേയും അതു് പരമാധികാരവാദത്തിനു് ഹാനികരമല്ല. എന്തുകൊണ്ടെന്നാൽ അധികാരമുള്ള ആൾ എപ്പോഴും അതു പ്രയോഗിക്കണമെന്നില്ല. സാൎവ്വത്രികസഭ "പരമാധികാരം" ഒരു വിശ്വാസസത്യമായി സ്വീകരിച്ചിരുന്ന കാലം "പുരാതനസഭ"യിലുണ്ടായിരുന്നു എന്നു മുകളിൽ തെളിയിച്ചിട്ടുണ്ടല്ലോ. വിശ്വാസവിഷയകമായി സഭക്കു തെറ്റുവരുവാൻ പാടില്ലാത്തതിനാലും വിശ്വാസം എന്നും ഒന്നുതന്നേ ആയിരിക്കേണ്ടതിനാലും പ്രാരംഭ ശതാബ്ദങ്ങളിലും മാർപ്പാപ്പായുടെ പരമാധികാരം വിശ്വാസസത്യമായിരുന്നു എന്നു സമ്മതിക്കാതെ ഗത്യന്ത

രമില്ല. അതു പ്രയോഗിക്കപ്പെട്ടില്ലെന്നു വന്നാൽ തന്നേയും ഈ അനുമാനം അനിഷേദ്ധ്യമായിതന്നേയിരിക്കും.

പ്രാരംഭശതാബ്ദങ്ങളിൽ, അതേ മതപീഡനകാലങ്ങളിൽ, നടന്ന ചില സംഭവങ്ങളേപ്പററി ചുരുക്കമായി ചിലതു പ്രസ്താവിക്കാം.

a) അലക്സാന്ത്രിയാ പാത്രിയക്കീസായിരുന്ന (282 ൽ കുറെമുമ്പു മരിച്ചു.) ദിവന്നാസിയൂസ് പാഷണ്ഡോപദേശം ചെയ്യുന്നു എന്നു ചിലർ റോമ്മായിലേ ദിവന്നാസിയൂസു മാർപ്പാപ്പായേ ബോധിപ്പിച്ചു. മാർപ്പാപ്പാ പാത്രിയക്കീസിനോടു ന്യായം ചോദിക്കയും പാത്രിയക്കീസ് സ്വമതം ആദരിച്ചുകൊണ്ടു് ലഘുലേഖകൾ പ്രസിദ്ധീകരിക്കയും ചെയ്തു.

St. Athanasius, de sententia Dion. N. 13.

"എന്റെമേൽ അവർ ആരോപിക്കുന്ന കുററം വാസ്തവമല്ലെന്നു് വേറൊരു എഴുത്തിലും ഞാൻ എഴുതിയിരുന്നല്ലോ." എന്നാണു് പാത്രിയക്കീസ് മാർപ്പാപ്പായിക്കയച്ച ഒരെഴുത്തിന്റെ ആദ്യഭാഗം.

Billuart, II. De Dion, Alex.

അലക്സാന്ത്രിയാ പാത്രിയക്കീസു പാഷണ്ഡത പഠിപ്പിച്ചു എന്നുള്ള ചിലരുടെ ഹർജിയാണു് ഇതിനെല്ലാം കാരണമായതെന്നു പ്രത്യേകം ധരിച്ചിരിക്കണം. ഒരു പാത്രിയക്കീസ് അതും അലക്സാന്ത്രിയാ പാത്രിയക്കീസ്, മാർപ്പാപ്പായുടെ പക്കൽ കുററക്കാരനാക്കപ്പെട്ടു!

b) പാഷണ്ഡർ നൽകുന്ന മാമ്മോദീസാ ആവർത്തിക്കപ്പെടേണ്ടതല്ല എന്നു കാണിച്ച ആഫ്റിക്കാ സഭയ്ക്കും ഏഷ്യാസഭയ്ക്കും "മഹറോൻ" ശിക്ഷാഭയം വരുത്തിക്കൊണ്ടു് എസ്തപ്പാനോസു മാർപ്പാപ്പാ കല്പന അയച്ചു. അതിങ്കൽ കുപിതനായിത്തീർന്ന കപ്പദോക്കിയായിലെ ഫിർമ്മൂസ് ഇപ്രകാരം പറഞ്ഞു:

"അദ്ദേഹം (എസ്തപ്പാനോസ്) തന്റെ മേല്പട്ട സ്ഥാനത്തിൽ അഹങ്കരിക്കുന്നു. തിരുസഭയുടെ അടിസ്ഥാനം വെക്കപ്പെട്ടിരിക്കുന്ന പത്രോസിന്റെ അനന്തരവാഴ്ച തനിക്കു ലഭിച്ചിരിക്കുന്നു എന്നതിൽ പ്രശംസിക്കുന്നു."

Ep. 75. inter Cyprian.

ഇതു് ഒരു ശത്രുവിൻെറ വാക്യമാണെന്നു നാം പ്രത്യേകം മനസ്സിലാക്കേണ്ട ആവശ്യമുണ്ടു്. ആഫ്രിക്കായിലുള്ള കാർത്തേജിലെ വി. സിപ്രിയാൻ എസ്റ്റപ്പാനോസിൻെറ വിരോധിയായിരുന്നു. മാർപ്പാപ്പായുടെ പരമാധികാരത്തെപ്പററി വി. സിപ്രിയാൻ വളരെ തെളിവായി പഠിപ്പിക്കുന്നുണ്ടെന്നു മാത്രമേ ഇവിടെ ചുരുക്കമായി പറയുന്നൊള്ളു.

(Cf The Studies on the Early Papacy
Chapman. Cyprian
Tho Shadow of Peter, Hall, M. A.)

സിപ്രിയാൻ മാർപ്പാപ്പായിക്കു കീഴ്പ്പെട്ടില്ലെന്നു വന്നാലും അതുകൊണ്ടു മാർപ്പാപ്പായിക്കു പരമാധികാരമില്ലെന്നു സിദ്ധിക്കുമോ? വി. പത്രോസിൻെറയും മാർപ്പാപ്പായുടെയും പരമാധികാരം നിഷേധിക്കുന്നവരിൽ ഒരാളാണ് വി. സിപ്രിയാൻ എന്ന് ചിലർ ധരിച്ചുവച്ചിട്ടുണ്ടു്. അങ്ങിനെയാണെങ്കിൽതന്നെയും സാർവ്വത്രിക സഭയുടെ സാക്ഷ്യത്തെ ദുർബലമാക്കുവാൻ വി. സിപ്രിയാനു തനിച്ചു സാധിക്കുമോ? വി. സിപ്രിയാൻ മാർപ്പാപ്പായുടെ കല്പനയെ ലംഘിച്ച സമയത്തും അദ്ദേഹം സത്യ ക്രിസ്ത്യാനിയായി കരുതപ്പെട്ടു എന്നു ചില ആധുനികന്മാർ പുറപ്പെടുവിക്കുന്ന വാദത്തിനു യാതൊരു അടിസ്ഥാനവുമില്ല.

c) അലക്സാന്ത്രിയാ സഭയുടെ ദിപമായി പരിലസിച്ചിരുന്ന ഓറിജെൻ അബദ്ധോപദേശം ചെയ്തപ്പോൾ ഫബിയാനോസു മാർപ്പാപ്പാ അദ്ദേഹത്തെക്കൊണ്ടു് ചില പ്രമേയങ്ങൾ പിൻ വലിപ്പിച്ചു.

St. Jerome Ep, 84. n. 10.

d) “ഇതിൻെറ അതിപ്രബലമായ അധികാരം നിമിത്തം ഈ സഭയോടു മറെറല്ലാ സഭകളും അവശ്യം യോജിക്കണം” എന്ന് വി. ഇറനേയൂസ് രണ്ടാം ശതാബ്ദത്തിൽ റോമ്മാസഭയെപ്പററി എഴുതുകയുണ്ടായി. ആ സഭയുടെ വിശ്വാസ നൈർമ്മല്യവും പത്രോസു പൌലോസു ശ്ലീഹന്മാരോടു അതിനുള്ള ബന്ധവും ആണ് ഇപ്രകാരമെഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്.

Kirch, Enchridion Fortium H. E. P. 70.

e) ഉയിർപ്പു തിരുനാളാഘോഷം സംബന്ധിച്ച് ഐകരൂപ്യം വരുത്താനുള്ള തൻെറ ശ്രമത്തിൽ വിക്ററർ മാർപ്പാപ്പാ

പൌരസ്ത്യ സഭകൾക്കുപോലും കല്പന അയക്കുകയും അദ്ദേഹത്തിൻെറ കല്പനപ്രകാരം പൌരസ്ത്യ പ്രദേശങ്ങളിൽ സൂനഹദോസുകൾ നടക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതാഘോഷം സംബന്ധിച്ചുള്ള തൻെറ കല്പനക്ക് കീഴ്പ്പെടാത്തവരെ സഭയുടെ ഐക്യത്തിൽനിന്നു വേർപെടുത്തുമെന്നും വിക്ററർ തീരുമാനിച്ചു.

Cf. Duchesne O. C.

വിശ്വാസത്തേ സംബന്ധിക്കാത്ത ഒരു കാൎയ്യമാകയാൽ ഇത്ര കടുംകൈ പ്രവൎത്തിക്കരുതെന്ന് വി. ഇറനേയൂസ് വിക്ടറിനോടു ആവശ്യപ്പെട്ടതായും രേഖയുണ്ട്.

Eusebius H. E. V. xxiv 11-17.

സഭയുടെ ഐക്യത്തിൽ നിന്നു മത്സരകക്ഷിയേ ബഹിഷ്കരിക്കുന്ന കല്പന വിക്ററർ പുറപ്പെടുത്തിയോ എന്നു നിശ്ചയമില്ല. ഈ സ്ഥിതിക്ക്, വിക്ററിൻെറ കല്പനയെ അവഗണിച്ചു പ്രവൎത്തിച്ചവർ അക്കാലത്തു സത്യക്രിസ്ത്യാനികളായി കരുതപ്പെട്ടിരുന്നു എന്നു ചില ആധുനികന്മാർ വാദിക്കുന്നതു് വിചിത്രമെന്നേ പറയേണ്ടതുള്ളു.

ഉയിർപ്പു തിരുനാളാഘോഷം സംബന്ധിച്ച്, 325-ൽ കൂടിയ നിഖ്യാസൂനഹദോസ് അവസാന തീരുമാനം ചെയ്തു. ആ തീരുമാനത്തേപ്പററി അലക്സാന്ത്രിയായിലെ വി. അത്തനാസിയൂസ് പറയുന്നതു കേട്ടാലും:-

"... ഇതു സംബന്ധമായ ശാസ്ത്രത്തിൽ നിപുണത സമ്പാദിച്ചിരിക്കുന്ന അലക്സാന്ത്രിയാസഭ, പെസഹ ആഘോഷിക്കേണ്ടതായ രീതിയും, മാസവും, പക്ഷവും, ആണ്ടുതോറും എഴുത്തുമൂലം റോമ്മാ സഭയേ അറിയിക്കണം. അവിടെനിന്ന് പെസഹാ ആഘോഷത്തിനായി ശ്ലൈഹികാധികാരത്താൽ നിശ്ചയിക്കപ്പെടുന്ന ദിവസം ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന കത്തോലിക്കാസഭ അറിഞ്ഞുകൊള്ളും" എന്നായിരുന്നു തീരുമാനം.

Apud Petavium. De doctrina temp. 1.

"റോമ്മാസഭ"യുടെ സ്ഥാനം എപ്രകാരമുള്ളതെന്നു സൂക്ഷിച്ചാലും!

g) ഒന്നാം ശതാബ്ദത്തിന്റെ അവസാനത്തിൽ കൊറിന്തിൽ വൈദികരും അൽമേനികളും തമ്മിൽ കലഹമുണ്ടായി. ആ സഭയുടെ സ്ഥാപകൻ വി. പൌലോസ ശ്ലീഹാ ആയിരുന്നു. വി. യോഹന്നാൻശ്ലീഹാ അന്നു എഫേസൂസിൽ വസിക്കുന്നുണ്ടായിരുന്നു. എഫേസൂസും കൊറിന്തും തമ്മിൽ കൊറിന്തും റോമ്മായും തമ്മിൽ എന്നതിനേക്കാൾകൂടുതൽ ഗതാഗത സൌകൎയ്യമുണ്ടായിരുന്നു. എന്നാൽ കൊറിന്ത്യൎക്ക് ശാസനാരൂപത്തിൽ ഒരു ലേഖനമയച്ചത് എഫേസൂസിൽ നിന്നല്ല; റോമ്മായിൽ നിന്നായിരുന്നു. കൊറിന്ത്യർ ലേഖനത്തിലെ താല്പൎയ്യപ്രകാരം കലഹങ്ങളെല്ലാം ഉപേക്ഷിച്ചു. വി. ക്ലേമിസായിരുന്നു റോമ്മായിലെ അന്നത്തെ മാർപ്പാപ്പാ. പല കൊല്ലങ്ങൾക്കു ശേഷവും കുർബാന സമയത്ത് പള്ളിയിൽ ആ ലേഖനം കൊറിന്ത്യർ വായിച്ചിരുന്നു.

Enchiridion Patrist. Journel p. 44.

h) രണ്ടാംശതാബ്ദത്തിൽ തന്നേയും പൌരസ്ത്യ ദിക്കിൽ നിന്നുകൂടെയും പാഷണ്ഡർ മാർപ്പാപ്പായുടെ അംഗീകരണം കിട്ടുവാൻ ശ്രമിച്ചിരുന്നതും മാർപ്പാപ്പാ അവരെ ശപിച്ചിരുന്നതും ഇതുപോലെ മററു പല സംഭവങ്ങളും വിസ്തരഭയത്താൽ ഇവിടെ ചേൎക്കുന്നില്ല.

"സ്നേഹ (സമൂഹ)ത്തിൽ അദ്ധ്യക്ഷാ" എന്നാണ് അന്തിയോക്കിയായിലെ വി. എഗ്നാത്തിയൂസ് ഒന്നാം ശതാബ്ദത്തിൽ (അല്ലെങ്കിൽ രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തിൽ) "റോമ്മാസഭ"യെ അഭിസംബോധനം ചെയ്തത്. സ്നേഹ (സമൂഹ)ം ക്രൂസ്ത്യാനികളുടെ കൂട്ടത്തെയത്രേ സൂചിപ്പിക്കുന്നത്.

i) പ്രാരംഭശതാബ്ദങ്ങളെപ്പററി കത്തോലിക്കാസഭയുടെ ഒരു പരമ ശത്രുവായ റെനാൻ പറയുന്നതു കേട്ടാലും.

"Already while Clement reigned . . . the dominant note of the primary principle of Christian Church Government is heard, without which Christian Society must fall to pieces, the principle of authority. At the end of the second century we

can already recognize, by signs which it is impossible to mistake, the spirit which in 1870 will proclaim the infallibility of the Pope"

(Hibbert Lectures, London 1880.)

(ക്ലേമീസു ഭരണം നടത്തിയിരുന്നപ്പോൾ തന്നെ, ക്രൈസ്തവസഭാഭരണത്തിന്റെ പ്രധാന തത്വത്തിന്റെ സർവ്വപ്രധാനമായ ശബ്ദം കേട്ടു തുടങ്ങി. അതില്ലെങ്കിൽ ക്രൈസ്തവസമുദായം ഛിന്നഭിന്നമായിപ്പോകും. അതു് അധികാരമെന്ന തത്വമാകുന്നു. 1870-ൽ പ്രഖ്യാപനം ചെയ്യപ്പെട്ട, മാർപ്പാപ്പായുടെ അപ്രമാദിത്വത്തിന്റെ ആ ഭാവം, തെറ്റിക്കൂടാൻ പാടില്ലാത്ത അടയാളങ്ങളിൽ നിന്നു് രണ്ടാം ശതാബ്ദത്തിന്റെ അവസാനത്തിൽ നമുക്കു മനസ്സിലാക്കാം.)

പ്രാരംഭശതാബ്ദങ്ങളിൽ ചിലരെല്ലാം മാർപ്പാപ്പായിക്കു കീഴ്പ്പെടാതെ മത്സരിച്ചു നിന്നവരായി കാണപ്പെടുന്നുണ്ടു്. എന്നാൽ സാർവ്വത്രിക സഭ മാർപ്പാപ്പായുടെ പരമാധികാരം നിഷേധിച്ചിരുന്നതായി യാതൊരു രേഖയും ഇല്ല. അങ്ങിനെ നിഷേധിച്ചിരുന്നില്ലെന്നും നിഷേധിച്ചിരിക്കാൻ പാടില്ലെന്നും മുകളിൽ പറഞ്ഞവ ധാരാളം വിശദമാക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ സഭയുടെ അപ്രമാദിത്വത്തെ മുൻനിറുത്തിയാണു്, സാർവ്വത്രികസഭ മാർപ്പാപ്പായുടെ പരമാധികാരം വിശ്വാസസത്യമായി സ്വീകരിച്ചിരുന്നു എന്നു് അനിഷേധ്യങ്ങളായ ചരിത്ര രേഖകൾകൊണ്ടു് മുകളിൽ സ്ഥാപിച്ചിരിക്കുന്നതു്. പ്രാരംഭശതാബ്ദങ്ങളിൽ ഈ വിശ്വാസത്തിനു വിരുദ്ധമായി എന്തെങ്കിലും സാർവ്വത്രികസഭയിൽ നടന്നിട്ടുണ്ടെങ്കിൽ അതു് സഭയുടെ അപ്രമാദിത്വത്തെ ഹനിക്കുന്ന ഒന്നായിരിക്കും. എന്നാൽ അപ്രമാദിത്വം ഹനിക്കപ്പെടുവാൻ പാടില്ലല്ലോ. ആകയാൽ മാർപ്പാപ്പായുടെ പരമാധികാരത്തിനു വിരോധമായി സാർവ്വത്രികസഭയിൽ യാതൊന്നും നടന്നിട്ടില്ല; നടക്കുവാൻ പാടുമില്ല.

പ്രാരംഭശതാബ്ദങ്ങളിൽ നടന്ന സംഭവങ്ങൾ എഫേസൂസു മുതലായ സൂനഹദോസുകളിൽ നടന്ന സംഭവങ്ങളോടു സംഘടിപ്പിച്ചു കഴിയുമ്പോൾ അവ സാക്ഷാൽ പരമാധികാരങ്ങളായിരുന്നു എന്നു നമുക്കു നിസ്സംശയം പറയുവാൻ കഴിയും. അവ

തനിച്ചെടുത്താൽ അത്ര തെളിവായി പരമാധികാരപ്രയോഗത്തെ സ്ഥാപിക്കുന്നതായി കാണപ്പെട്ടില്ലെന്നു വന്നേയ്ക്കാം. ഈ അർത്ഥത്തിൽ പരമാധികാര പ്രയോഗം പ്രാരംഭശതാബ്ദങ്ങളിൽ പ്രസ്പഷ്ടമായിരുന്നെന്നോ പ്രാരംഭ ശതാബ്ദങ്ങളിലെ രേഖകൾ പരമാധികാര പ്രയോഗത്തെ അനിഷേദ്ധ്യമായി സ്ഥാപിക്കുന്നില്ലെന്നോ കത്തോലിക്കാ പണ്ഡിതന്മാർ സമ്മതിക്കുന്നതായി കണ്ടേക്കാം. പ്രാരംഭശതാബ്ദങ്ങളിൽ "പരമാധികാരം" സമ്മതിക്കപ്പെടുകയോ വിശ്വസിക്കപ്പെടുകയോ ചെയ്തിരുന്നില്ലെന്നു പ്രസ്തുത പണ്ഡിതന്മാർ പറയുന്നതായി ഇതിൽ നിന്ന് ആരും അനുമാനം എടുക്കേണ്ടതല്ലല്ലൊ. എന്നാൽ ഇങ്ങനെ അനുമാനം എടുക്കുന്ന ചില അല്പ ബുദ്ധികൾ നമ്മുടെ ഇടയിലും ഉണ്ടായെന്നു വന്നേയ്ക്കാം. 325-നു ശേഷമുള്ള ചില രേഖകൾ സംബന്ധിച്ചും കത്തോലിക്കാപണ്ഡിതന്മാർ മേൽപറഞ്ഞവിധം അഭിപ്രായപ്പെട്ടേക്കാവുന്നതാണ്.

മാർപ്പാപ്പായുടെ പരമാധികാരം മനുഷ്യനിർമ്മിതമെന്നോ രാഷ്ട്രീയശക്തിനിമിത്തം ഉണ്ടായതെന്നോ പറയുന്നവരുണ്ടായേക്കാം. പക്ഷെ അത് ദൈവസ്ഥാപിതമാണെന്ന് സാർവ്വത്രിക സഭ വിശ്വസിച്ചിരുന്നു എന്ന് മുകളിൽ തെളിയിച്ചിട്ടുണ്ട്. സഭയുടെ ഈ വിശ്വാസം തെററാകുവാൻ പാടില്ലാത്തതിനാൽ പരമാധികാരം മനുഷ്യനിർമ്മിതമോ രാഷ്ട്രീയശക്തിയുടെ ഫലമോ അല്ല. രാഷ്ട്രീയശക്തി മുഴുവൻ കുസ്തന്തിനോപ്പോളിസിലായിരുന്നപ്പോഴാണ് കുസ്തന്തിനോപ്പോളീസിലെ 3-ാം കാനോനായിക്കു റോമ്മായുടെ അംഗീകരണം കിട്ടുവാൻ അവിടത്തെ ചക്രവർത്തിപോലും ശ്രമിച്ചിട്ടു സാധിക്കാതെ പോയതെന്നും പ്രസ്താവിച്ചുകൊള്ളുന്നു.

## 6.

## വിവിധസഭകളുടെ സാക്ഷ്യങ്ങൾ.

പുരാതനസഭയുടെ വിശ്വാസമെന്തായിരുന്നു എന്ന് നാം കണ്ടുകഴിഞ്ഞു. മാർപ്പാപ്പായ്ക്കു പരമാധികാരമുണ്ടെന്നുള്ള പുരാതനവിശ്വാസം സ്വീകരിക്കാത്തവയാണ് അകത്തോലിക്കാ സഭകൾ. പുരാതനസഭകൾ എന്നഭിമാനിക്കുന്ന അവയിൽ

ചില സഭകളുടെ ഔദ്യോഗിക ഗ്രന്ഥങ്ങളിൽ മാർപ്പാപ്പായുടെ പരമാധികാരം തെളിവായി സമ്മതിക്കപ്പെട്ടിട്ടുണ്ട്. പുരാതന വിശ്വാസം എത്രശക്തിയുള്ളതായിരുന്നുഎന്ന് ഇതിൽനിന്നു നമുക്കു അനുമാനിക്കുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഔദ്യോഗികങ്ങളെന്നു മേൽപ്രസ്താവിച്ച പുരാതന ഗ്രന്ഥങ്ങളിൽ അകത്തോലിക്കർ സാരമായ ഭേദഗതികൾ ഒന്നും തന്നെവരുത്തിയിട്ടില്ല. ആകയാൽ അവ പുരാതനവിശ്വാസം എന്തായിരുന്നു എന്നു വിളിച്ചറിയിക്കുന്ന നിർജ്ജീവ രേഖകളായി പരിണമിച്ചിരിക്കുന്നു. അകത്തോലിക്കാ സഭകളിൽ പ്രാധാന്യമുള്ളവയെന്നും പുരാതനങ്ങൾ എന്നും നമ്മുടെയിടയിൽ കരുതപ്പെടുന്ന ചില സഭകളുടെ സാക്ഷ്യങ്ങൾ കേട്ടാലും:

൧. യൌനായസഭ.

യൌനായസഭയുടെ ആരാധനക്രമത്തിൽ വി. പത്രോസിനുള്ള സ്ഥാനം.

The foundation of the Church and
the Rock of Faith
The Immovable Basis of Dogmas
The Throne of the Faith
Sitting on the first Throne of the Apostles
(Translation by H. Scott. O. C.)

(സഭയുടെ അടിസ്ഥാനം: വിശ്വാസത്തിൽ പാറ: വിശ്വാസസത്യങ്ങളുടെ ഇളക്കമില്ലാത്ത അടിത്തറ: വിശ്വാസത്തിന്റെ സിംഹാസനം: ശ്ലീഹന്മാരുടെ ഒന്നാം സിംഹാസനത്തിൽ ഇരിക്കുന്നവൻ.)

പത്രോസ് പൌലോസ്ശ്ലീഹന്മാരുടെ തിരുനാൾ ദിവസം ആ സഭ പാടുന്നു.

Supreme foundation of the Apostles
Thou didst also become first Bishop of Rome.
(Translation by the same. Ibid)

(ശ്ലീഹന്മാരുടെ പരമാടിസ്ഥാനം: നീ റോമ്മായിലെ ഒന്നാം* മെത്രാനുംകൂടി ആയി.) യൌനായ സഭ എഫേസൂസ് സൂനഹദോസിനെ സ്വീകരിക്കുന്നുണ്ട്. അവിടെ മാർപ്പാപ്പായുടെ പര

മാധികാരം[?] വളരെ തെളിവായി പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇതിൽനിന്ന് വി. പത്രോസിനെയും റോമ്മാസിംഹാസനത്തെയും പററിയുള്ള മേലുദ്ധരിച്ച രേഖകൾ മാർപ്പാപ്പായെ ഉദ്ദേശിച്ചും ആയിരുന്നു എന്ന് അനുമാനിക്കാമല്ലോ.

b) യൗനായ[?] റഷ്യൻസഭ.

വി. സിൽവെസ്ത്രോസ് മാർപ്പാപ്പായുടെ തിരുനാൾ ദിവസം പാടുന്നു: (4-ാം ശതാബ്ദത്തിൽവാണു) "ക്രൈസ്തവ സഭയിലെ പരിശുദ്ധ മെത്രാന്മാരുടെ ഏക ദൈവിക തലവൻ" ഒന്നാം ലേഓൻ മാർപ്പാപ്പായോടു: (5-ാം ശതാബ്ദത്തിൽവാണു) "വി. പത്രോസിന്റെ ഏററം വലിയ സിംഹാസനത്തിലെ പിൻഗാമി! അജയ്യമായ പാറയുടെ പിൻഗാമി: രാജ്യത്തിന്റെ പിൻഗാമി" മത്തിനോസു മാർപ്പാപ്പായോട്: (7-ാം ശതാബ്ദത്തിൽവാണു) "പത്രോസിന്റെ ദൈവിക സിംഹാസനത്തെ നീ അലങ്കരിച്ചു: ഈ പാറമേൽ സഭയെ നീ കോട്ടംകൂടാതെ നിറുത്തി... നീ നിന്റെ നാമത്തെ ബഹുമാനിച്ചു." മൂന്നാംലെഓൻ മാർപ്പാപ്പായോടു (9-ാം ശതാബ്ദത്തിൽവാണു) "സഭയുടെ പ്രധാന ഇടയൻ! നീ ഈശോമ്ശിഹായുടെ സ്ഥാനത്തെ പ്രതിനിധീകരിച്ചു."

Quoted in "Tbe Examiner" June 7–1924.

c) യാക്കോബായസഭ.

ബർഎബ്രായായുടെ ഹൂദായകാനോൻ ഏഴാം കെപ്പാ[?]ലേഓൻ ഒന്നാം പാസൂക്കാ: "അർബ് ഓനെഹവൂൻ പാത്രിയോക്കോ ബ്മെനിയൊൻ അർബാപെനിയോസേ ദ് ഓൽമോ: റിശോ റാബോദ്കുൽഹൂൻ ഹാവു ദ്റൂമ്മി ഉആമേ ഹാവുദ്അലക്സന്ത്രിയാ ഉആമേ ഹാവു ദ്കുസ്തന്തിനോപ്പോലീസ് ...ഉആമേഹാവുദ് അന്തിയോക്കിയാ....."

(ലോകത്തിന്റെ നാലു ഭാഗങ്ങളുടെ എണ്ണത്തിനൊത്തവണ്ണം നാലുപാത്രിയർക്കീസുമാർ ഉണ്ടാകണം. അവരുടെ എല്ലാവരുടെയും തലയും നേതാവും റോമ്മായിലെ പാത്രിയർക്കീസ്. അദ്ദേഹത്തിന്റെകൂടെ അലക്സാന്ത്രിയാ പാത്രിയർക്കീസ്. അദ്ദേഹത്തിന്റെകൂടെ (റോമ്മാപാത്രിയർക്കീസു) കുസ്താന്തിനോ

പോളിസ് പാത്രിയർക്കീസ്: അദ്ദേഹത്തിൻെറക്കൂടെ അന്തിയോക്കിയാ പാത്രിയർക്കീസ്...) മാർപ്പാപ്പാ എല്ലാവരുടെയും തലവനാണെന്ന് കാനോനാ പറയുന്നു. (റിശ് പാത്രിയർക്കീസ്.) റിശിൻെറ അർത്ഥം "സമന്മാരിൽമുമ്പൻ" എന്നാണെന്നു ആരെങ്കിലും ഇവിടെ സമർത്ഥിക്കുന്നപക്ഷം അങ്ങിനെയുള്ളവർ പുരാതന സഭയുടെ വിശ്വാസം മാററുന്നവരായി പരിഗണിക്കപ്പെടണമെന്നു "പുരാതനസഭ"യുടെ വിശ്വാസം സംബന്ധമായി മുകളിൽ പറഞ്ഞവ വിശദമാക്കുന്നു. പുരാതന വിശ്വാസം ഭേദപ്പെടുത്തിയാൽ,

"വാനവനെങ്കിലുമാദ്ദൂതൻ
താനേക്കുംസഭയിൽ ശാപം"

ഒരു പാത്രിയർക്കീസിന് തൻെറ ഭരണീയരുടെമേൽ എന്നപോലെ മാർപ്പാപ്പായിക്ക് എല്ലാ പാത്രിയർക്കീസുമാരുടെമേലും അധികാരമുണ്ടെന്നു സ്ഥാപിക്കുന്ന "നിക്കിയാ" കാനോനാ യാക്കോബായ, ഈഹ്രപ്പായ അർമ്മേനിയൻ മുതലായ സഭകൾ സ്വീകരിക്കുന്നുണ്ട് എന്നു പറഞ്ഞുകൊള്ളുന്നു.

d) നെസ്റ്റോറിയൻ സഭ.

അകത്തോലിക്കാ സഭകളിൽ ഏററം പഴക്കമുള്ള നെസ്റ്റോറിയൻ സഭയിലെ ഏററം പ്രധാനപ്പെട്ട ഈശോയബ് എന്ന പാത്രിയർക്കീസ് 588-ൽ ഇങ്ങനെ രേഖപ്പെടുത്തുകയുണ്ടായി.

"ഭാഗ്യപ്പെട്ട പത്രോസിന് സഭ മുഴുവൻെറ മേൽ എന്നതുപോലെയാണ് റോമ്മാ പാത്രിയർക്കീസിന് എല്ലാ പാത്രിയർക്കീസുമാരുടെമേലും അധികാരമുണ്ടാകേണ്ടത്. എന്തുകൊണ്ടെന്നാൽ റോമ്മായിൽ വസിക്കുന്നവൻ സഭ മുഴുവനിലും പത്രോസിൻെറ സ്ഥാനമാകുന്നു പാലിക്കുന്നത്. ഈ സാർവ്വത്രിക സൂനഹദോസുകളെ ലംഘിക്കുന്നവൻ ശാപത്തിൽ ഉൾപ്പെടുന്നു."

Codex Vatican. Syriac. 43. p. 101.

e) അർമ്മേനിയൻ സഭ.

"റോമ്മായിൽ വസിക്കുന്നവനായ മെത്രാന്മാരുടെ പ്രഭുവിൽനിന്ന് നാം സ്വീകരിച്ച വിശ്വാസത്തെ അവർ നമ്മിൽനിന്നു നശിപ്പിക്കും" എന്നു കാണിച്ചുകൊണ്ടാണ് അർമ്മേനിയായിലെ വാർട്ടൻ (King Vartan 418-450) എന്ന രാജാവ്

രണ്ടാം തെഒദോസിയൂസ് ചക്രവൎത്തിയെ പേൎഷ്യക്കു വിരോധമായി യുദ്ധം ചെയ്യുവാൻ ക്ഷണിച്ചതു്.

(C. A. S. Series No. 31. Trichy)

f) <u>മലങ്കരയാക്കോബായസഭ.</u>

ഉദയമ്പേരൂർ സൂനഹദോസിനും (1595) പറങ്കികളുടെ ആഗമനത്തിനും മുമ്പു് മലങ്കരസഭ പല അവസരങ്ങളിൽ മാൎപ്പാപ്പായുടെ പരമാധികാരം അനുസരിച്ചു പറഞ്ഞിട്ടുണ്ടു്. (മൎത്തോമ്മാക്രിസ്ത്യാനികൾ 1-ം 2-ം ഭാഗങ്ങൾ കാണുക.) പുരാതന മലങ്കരസഭ ഈ പരമാധികാരം അനുസരിച്ചു പറയുക മാത്രമല്ല തദനുസരണം പ്രവൎത്തിക്കയും ചെയ്തിട്ടുണ്ടു്. (Ibidem) (ആകയാൽ മലങ്കര യാക്കോബായസഭ പുരാതനമല്ലെന്നു സിദ്ധം.)

പുരാതന സഭകളുടെ വിശ്വാസത്തെപ്പറ്റി മുകളിൽ പറഞ്ഞവയും ഇപ്പോൾ ഉദ്ധരിച്ചു കഴിഞ്ഞ "വിവിധ സഭകളുടെ സാക്ഷ്യങ്ങളും" ഒരുമിച്ചെടുത്തു പരിശോധിക്കുന്നപക്ഷം പുരാതന സഭകളെന്നഭിമാനിക്കുന്ന അകത്തോലിക്കാ സഭകൾ പുരാതന വിശ്വാസത്തിൽനിന്നു വ്യതിചലിച്ചവയാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. അതേ, അവ ശീശ്മയിലും പാഷണ്ഡതയിലും കുടുങ്ങിക്കിടക്കുന്ന സഭകളാകുന്നു. അവയിലെ അംഗങ്ങൾ സത്യസഭയെ കേൾക്കാത്തവരാണു്. "സഭയെ കേൾക്കാത്തവൻ ജാതിയേയും ചുങ്കക്കാരനേയുംപോലെ നിനക്കായിരിക്കട്ടെ."

കണ്ടാലും! മാൎപ്പാപ്പായുടെ പരമാധികാരത്തെപ്പറ്റിയുള്ള പൎയ്യന്വേഷണം ഏററം പ്രധാനപ്പെട്ട വിഷയമായ "ആത്മരക്ഷ"യിൽ പരിണമിച്ചിരിക്കുന്നു. "ഒരു മനുഷ്യനു് തന്റെ ആത്മാവിനു പകരമായിട്ടു എന്തു കൊടുക്കുവാൻ സാധിക്കും" എന്നല്ലയോ വേദവാക്യം?

സഭ മാൎപ്പാപ്പായുടെ മേലാണു് സ്ഥാപിതയായിരിക്കുന്നതെന്നു തെളിയിച്ചുകഴിഞ്ഞു. ആകയാൽ സഭയെ മുഴുവനും സഭയിലെ ഓരോ അംഗങ്ങളേയും വിഭാഗങ്ങളേയും അവയുടെ നേതാക്കന്മാരേയും ഭരിക്കുന്നതു മാൎപ്പാപ്പായാണെന്നു സിദ്ധിക്കുന്നു. ഇതാണല്ലൊ കത്തോലിക്കരുടെ പരമാധികാരം.

# B

## അപ്രമാദിത്വം.

മാൎപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമാണെന്നും അതൊരു വിശ്വാസസത്യമായി പുരാതനസഭയിൽ സ്വീകരിക്കപ്പെട്ടിരുന്നു എന്നും സഭ വിശ്വാസ വിഷയങ്ങളിൽ പ്രമാദരഹിതയാണെന്നും സ്ഥാപിച്ചു കഴിഞ്ഞു. ഇവയിൽ നിന്നുള്ള അനുമാനം "സഭക്കുള്ള അപ്രമാദിത്വം മാൎപ്പാപ്പായിക്ക് ഉണ്ടായിരിക്കണം" എന്നാകുന്നു. എന്തുകൊണ്ടെന്നാൽ സഭ മാൎപ്പാപ്പായുടെ മേലാണ് സ്ഥാപിതയായിരിക്കുന്നത്. മാൎപ്പാപ്പാ സഭയുടെ അടിസ്ഥാനമാകുന്നു.

ആൽശിമഊൻ കീഫോ ബാനിയോനോശെത്തോ ദൈസെക് ഈൗത്തോശിമഊൻ ക്ത്തീൻ വശ്ദേ (സഭപറയുന്നു: ഞാൻ ശിമോൻ കേപ്പാമേൽ സ്ഥാപിതയാണ് — സഭയേ, നിന്റെ അടിസ്ഥാനം കൊന്ന് എറിയപ്പെട്ടിരിക്കുന്ന ശിമോനാകുന്നു.)

സഭ മാൎപ്പാപ്പായുടെ മേൽ ഉറച്ചു നില്ക്കുന്നു. മാൎപ്പാപ്പാ തെററിയാൽ സഭയും തെററും. സഭയാകട്ടെ തെററുകയില്ല. ആകയാൽ മാൎപ്പാപ്പായും തെററുകയില്ല. ഇതാണ് അപ്രമാദിത്വം. മാൎപ്പാപ്പാമാൎക്ക് പാപം ചെയ്യുവാൻ പാടില്ലെന്നോ അവർ പരിശുദ്ധന്മാരാണെന്നോ ഒന്നും അപ്രമാദിത്വത്തിനു അൎത്ഥമില്ല. വിശ്വാസം, സന്മാൎഗ്ഗം എന്ന വിഷയങ്ങൾ സംബന്ധിച്ച് സഭ മുഴുവനേയും സഭയുടെ അടിസ്ഥാനം അഥവാ തലവൻ എന്ന ഔദ്യോഗികനിലയിൽ തത്വനിൎണ്ണയം ചെയ്ത് അവസാനതീരുമാനമായി പഠിപ്പിക്കുമ്പോൾ മാൎപ്പാപ്പാ തെററിൽ ഉൾപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ അവസരത്തിൽ മാൎപ്പാപ്പാ തെററിലുൾപ്പെട്ടാൽ സഭയും തെററിലുൾപ്പെടും. കൂടാതെയും, „നീ നിന്റെ സഹോദരന്മാരേ ഉറപ്പിക്കുക" "ഭൂമിയിൽ നീ കെട്ടുന്നതെല്ലാം സ്വൎഗ്ഗത്തിലും കെട്ടപ്പെടും. . . ." എന്നെല്ലാം മിശിഹാ പത്രോസിനോടു കല്പിച്ചരുളിച്ചെയ്തിട്ടുണ്ടല്ലോ. സഭയുടെ അടിസ്ഥാനം എന്ന നിലയിലാണല്ലോ പത്രോസ് പ്രസ്തുത കല്പനകൾ സ്വീകരിച്ചതും. മാൎപ്പാപ്പാ പരമാധികാരത്തിൽ അഥവാ സഭയുടെ അടിസ്ഥാനം എന്നനിലയിൽ പത്രോസിന്റെ പിൻഗാമിയാണെന്ന് തെളിയിച്ചു കഴിഞ്ഞുവല്ലോ. പത്രോസിന് ഔദ്യോ

ഗികമായി തെററിപ്പോകാമെങ്കിൽ അദ്ദേഹം സ്വസഹോദരന്മാരെ എങ്ങിനെ ഉറപ്പിക്കും? അദ്ദേഹം ഭൂമിയിൽ കെട്ടുന്നതെല്ലാം എങ്ങിനെ സ്വർഗ്ഗത്തിൽ അംഗീകരിക്കപ്പെടും? ആകയാൽ ഔദ്യോഗികമായി പത്രോസും പിൻഗാമികളും അപ്രമാദിത്വമുള്ളവരാകണം.

മേൽ പ്രസ്താവിച്ച വ്യവസ്ഥകൾ എല്ലാം പൂർത്തിയാകുന്നിടത്തു മാത്രമേ മാർപ്പാപ്പായിക്കു അപ്രമാദിത്വമുള്ളു. മാർപ്പാപ്പാമാർ തെററിലുൾപ്പെട്ടു പോയിട്ടുണ്ട് എന്നു ഘോഷിക്കുന്ന അകത്തോലിക്കർ ധാരാളമുണ്ട്. എന്നാൽ അവർ പറയുന്ന സംഗതികളിൽ പ്രസ്തുത വ്യവസ്ഥകൾ എല്ലാം പൂർത്തിയായിട്ടില്ല എന്ന് സ്വല്പം ആലോചിച്ചാൽ വിശദമാകുന്നതാണ്. ഇതു സംബന്ധമായി 1870-ൽ കത്തോലിക്കർ നൂതനമായി നിർമ്മിച്ച ഒന്നാണ് അപ്രമാദിത്വം എന്ന് അകത്തോലിക്കർ പറയാറുണ്ട്. എന്നാൽ 1870-ൽ അതു് ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടതേയുള്ളു. പുരാതനമായി അതു് സഭയിൽ വിശ്വസിക്കപ്പെട്ടിരുന്നു. പുരാതനമായി സഭയിൽ വിശ്വസിക്കപ്പെട്ടിരുന്ന പുത്രൻ തമ്പുരാന്റെ ദൈവത്വം നിക്കിയായിൽവച്ച് പ്രഖ്യാപനം ചെയ്യപ്പെട്ടതുപോലെ മാത്രം 1870-ൽ അപ്രമാദിത്വം പ്രഖ്യാപനം ചെയ്യപ്പെട്ടു. നിക്കിയായിക്കു മുമ്പും പുത്രൻ തമ്പുരാൻ ദൈവമായിരുന്നു; അങ്ങിനെ എല്ലാവരും വിശ്വസിച്ചിരുന്നു. ഇതുപോലെ തന്നെ 1870-നു മുമ്പും മാർപ്പാപ്പാ അപ്രമാദിത്വമുള്ളവനായിരുന്നു. പൊതുവേ അങ്ങിനെ വിശ്വസിച്ചിരുന്നു. "റോമ്മാ അരുൾചെയ്തു, കാര്യം അവസാനിച്ചു" എന്ന അർത്ഥത്തിൽ വി. അഗുസ്തിനോസും (Sermo Cxxxi– C. 10) "പത്രോസു ലേഓൻ വഴി അരുൾ ചെയ്തിരിക്കുന്നു" എന്നു കൽക്കിദോനിയാ സൂനഹദോസും (451) "താൻ മിശിഹായുടെ വിധി പ്രസ്താവിക്കുന്നു" എന്ന അർത്ഥത്തിൽ വി. സെലസ്റ്റിനോസും (മുകളിൽ നോക്കുക) പറഞ്ഞിരിക്കുന്നതു "അപ്രമാദിത്വം" സംബന്ധിച്ചുള്ള പുരാതന രേഖകളാകുന്നു. എന്നാൽ മാർപ്പാപ്പാ സഭയുടെ അടിസ്ഥാനമാണെന്നും സഭ പ്രമാദരഹിതയാണെന്നും സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് പുരാതന രേഖകളിലേക്കു പ്രവേശിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സഭയുടെ അപ്രമാദിത്വം മാർപ്പാപ്പായുടെ അപ്രമാദിത്വം കൂടാതെ സുരക്ഷിതമായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ സഭയുടെ അടിസ്ഥാനമാകുന്നു മാർപ്പാപ്പാ.

നൂതന തത്വങ്ങൾ വെളിപ്പെടുത്തി പ്രഖ്യാപനം ചെയ്യുവാൻ മാർപ്പാപ്പായിക്ക് അധികാരമില്ല. ദൈവം വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങൾ ഇന്നതെല്ലാമാണ്, അവ ഇന്ന അർത്ഥത്തിൽ മനസ്സിലാക്കപ്പെടണം, ഇന്ന വിധത്തിൽ സംരക്ഷിക്കപ്പെടണം എന്നും മററും ഔദ്യോഗികമായി പഠിപ്പിക്കുവാൻ മാത്രമേ അദ്ദേഹത്തിനു പാടുള്ളു. അദ്ദേഹം "ആളത്വ"ത്തിൽ പാപിയോ ക്രൂരനോ ആണെന്നു വന്നേക്കാം. എന്നാൽ ഔദ്യോഗിക നിലയിൽ അദ്ദേഹം അബദ്ധം പഠിപ്പിക്കയില്ല. അതിന് ദൈവത്തിന്റെ പ്രത്യേക സഹായമുണ്ടായിരിക്കും. "നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കായി പ്രാർത്ഥിച്ചിട്ടുണ്ടു്" എന്നല്ലയോ തിരുവാക്യം?

## ഉപസംഹാരം.

മിശിഹാതമ്പുരാൻ സ്ഥാപിച്ച ഏകസഭയുടെ അടിസ്ഥാനം പത്രോസ് ശ്ലീഹാ ആകുന്നു. അടിസ്ഥാനം എന്നു പറയുന്നതു ദൃശ്യമായ അടിസ്ഥാനം എന്നു ഗ്രഹിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മിശിഹായുടെ കാണപ്പെടുന്ന പ്രതിപുരുഷൻ ആയിട്ടാണ് പത്രോസ് നിയമിക്കപ്പെട്ടതു്. പത്രോസ് സഭയുടെ അടിസ്ഥാനമാകുന്നു എന്നു പറയുന്നതിൽ നിന്നു മിശിഹാ അടിസ്ഥാനമല്ല എന്നു ആരും അർത്ഥമാക്കരുതു്. പത്രോസിനെ തന്റെ പ്രതിപുരുഷനാക്കിയപ്പോൾ തനിക്കു സ്വന്തമായ 'അടിസ്ഥാനം' എന്ന നില മിശിഹാ ഉപേക്ഷിച്ചിട്ടില്ല. രാജാവ് വൈസ്രോയിയെ നിയമിക്കുന്നതുകൊണ്ടു രാജത്വം രാജാവിനു നഷ്ടിഭവിക്കുന്നില്ലല്ലോ.

സഭയുടെ അടിസ്ഥാനം അഥവാ സഭയിൽ പരമാധികാരി എന്നനിലയിൽ പത്രോസിന്റെ പിൻഗാമി റോമ്മാ മാർപ്പാപ്പാ ആകുന്നു. സഭ മാർപ്പാപ്പായുടെമേൽ ഇപ്രകാരമാണ് സ്ഥാപിതമായിരിക്കുന്നതു്. മാർപ്പാപ്പായിക്കു കീഴല്ലാത്തവർ ആരും സത്യസഭാംഗങ്ങളല്ല. സത്യസഭയിലാണല്ലോ രക്ഷ നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്.

സഭയുടെ അടിസ്ഥാനമായ മാർപ്പാപ്പായിക്ക് അപ്രമാദിത്വമുണ്ടു്. സഭയുടെ അപ്രമാദിത്വം തന്നേയാണ് മാർപ്പാപ്പായിക്കുള്ളതു്. എന്തുകൊണ്ടെന്നാൽ അടിസ്ഥാനം കൂടാതെ സഭയോ സ

ഭയുടേതല്ലാതെ അടിസ്ഥാനമോ ഇല്ല. മാർപ്പാപ്പായാണ് സഭയെ താങ്ങുന്നത്. ആകയാൽ മാർപ്പാപ്പായിക്കു വിധേയനാകുന്നവൻ സത്യസഭാംഗവും പ്രമാദരഹിതങ്ങളായ ഉപദേശങ്ങൾ സ്വീകരിക്കുന്നവനും ആയിത്തീരുന്നു. സത്യസഭാംഗമാകുവാൻ ആഗ്രഹിക്കുന്നവൻ മാർപ്പാപ്പായിക്കു കീഴ്പ്പെടണം. മാർപ്പാപ്പായെ അനുസരിക്കാത്തവൻ സത്യസഭാംഗവും അല്ല.

മനുഷ്യരക്ഷക്കായി മിശിഹാതമ്പുരാൻ സ്ഥാപിച്ച ദൃശ്യസഭയുടെ ദൃശ്യനേതാവ് മാർപ്പാപ്പായാകുന്നു. അദ്ദേഹത്തിന് കീഴ്പ്പെടുന്നതും മിശിഹായ്ക്കു കീഴ്പെടുന്നതും ഒന്നുതന്നെയാണ്. "നിങ്ങളേ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു". നിത്യരക്ഷയേ ആഗ്രഹിക്കുന്നവർ സഭയേ കേൾക്കണമല്ലൊ. സഭയാകട്ടെ മാർപ്പാപ്പായുടെ അധികാരത്തിൽ ഉറച്ചു നില്ക്കുന്ന ഒരു സ്ഥാപനമാകുന്നു. ആകയാൽ മാർപ്പാപ്പായേ കേൾക്കാത്തവൻ സഭയേ കേൾക്കാത്തവനാകുന്നു. "സഭയേ കേൾക്കാത്തവൻ ജാതിയേയും ചുങ്കക്കാരനേയും പോലെ നിനക്കായിരിക്കട്ടെ" എന്നുള്ള തിരുവാക്യം എത്രയോ പരിഭ്രമജനകം!

"ലോകം മുഴുവനും നേടിയാലും ആത്മാവു നശിച്ചാൽ ഫലമെന്ത്?"

മാർപ്പാപ്പായുടെ പരമാധികാരം സ്വീകരിക്കുന്നവൻ അപ്രമാദിത്വവും സ്വീകരിക്കണം എന്നു തെളിയിച്ചുകഴിഞ്ഞു. ഇതു രണ്ടും സ്വീകരിച്ചു പ്രവർത്തിക്കുന്നവനു് വിശ്വാസ സംബന്ധമായും സന്മാർഗ്ഗസംബന്ധമായും യാതൊരു സംശയവും ഉണ്ടാകുവാൻ വഴിയില്ല. എന്തുകൊണ്ടെന്നാൽ അപ്രമാദിത്വമുള്ള ഒരാളാണ് ഇങ്ങനെയുള്ളവനെ നടത്തുന്നത്.

ഇത്ര സുകരമായ ഒരു രക്ഷാമാർഗ്ഗം ഞങ്ങൾക്കു തന്നതിന് മിശിഹാ രാജാവേ നിനക്കു സ്തുതി!

A. M. D. G.

St. Joseph's Press, Mannanam, 4-11-'32.

DC Archives
*00084089*
J33 P552

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ:

| | രൂ. | ണ. | സ. |
|---|---|---|---|
| അന്ത്യോക്യാ പാത്രിയർക്കീസ് മേനിക്കടലാസിൽ അച്ചടിച്ചതു്. | 0 | 8 | 0 |
| ടി പരിക്കൻ. ,, | 0 | 6 | 0 |
| പൌരസ്ത്യസഭകൾ മേനിക്കടലാസിൽ | 0 | 6 | 0 |
| ടി പരിക്കൻ. ,, | 0 | 4 | 0 |
| എഫേസൂസു സൂനഹദോസും റോമ്മാ മാർപ്പാപ്പായും | 0 | 3 | 6 |

അപേക്ഷിക്കേണ്ടും മേൽവിലാസം:

സൂപ്രെണ്ട്, സെൻറു ജോസഫ്സ് പ്രസ്സ്,

മാന്നാനം.

DHA
J
P
LI